JESUS REDEEMS MINISTRIES

# യുവജനലോകം

സെപ്തംബർ 2024



എന്നെ കരുതുകയും, സ്നേഹിക്കുകയും, വഴി നടത്തുകയും ചെയ്യുന്നത് യേശു കർത്താവാണ്....

# കരുതുന്ന ദൈവം!

# ബൈബിൾ കഥാപാത്രം



## മുത്തുച്ചിപ്പി

**യുവജനങ്ങൾക്ക് എന്റെ ആശംസകൾ. മുത്തുച്ചിപ്പി എന്ന പംക്തിയിലൂടെ നിങ്ങളെ കണ്ടുമുട്ടുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. കഴിഞ്ഞ മാസം നാം പ്രബോധനപുത്രനായ ബർന്നബാസിനെ കുറിച്ച് അറിഞ്ഞു. ഈ മാസം നാം ദൈവപുരുഷനായ ഫിലിപ്പൊസിനെയാണ് കാണുവാൻ പോകുന്നത്.**

ഒരു അന്വേഷണത്തോടെയാണ് ഫിലിപ്പൊസിന്റെ യാത്ര ആരംഭിച്ചത് (അപ്പൊ. പ്ര. 6:5). ഫിലിപ്പൊസ് കേവലം അന്വേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി (അപ്പൊ. പ്ര. 8:5). വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായി ശക്തമായി ക്രിസ്തുവിനെ പ്രസംഗിച്ചു. അദ്ദേഹത്തിലൂടെ ദൈവനാമം മഹത്വപ്പെടുവാൻ തുടങ്ങി, നിരവധി അത്ഭുതങ്ങളും ചെയ്തു.

എത്യോപ്യ രാജ്ഞിയായ കന്ദകയുടെ ഷണ്ഡനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. അദ്ദേഹം വെള്ളമുള്ളൊരു സ്ഥലം കണ്ട് രഥം നിർത്തി, ഫിലിപ്പൊസ് അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽനിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടുപോയി. രക്ഷ പ്രാപിച്ചതിന്റെ സന്തോഷത്തോടെ ഷണ്ഡൻ തന്റെ വഴിക്കു പോയി (അപ്പൊ. 8:36-39). ഇങ്ങനെ കടന്നുപോകുന്ന സ്ഥലങ്ങളിലൊക്കെയും ഫിലിപ്പൊസ് കർത്താവിനുവേണ്ടി ശക്തമായി പ്രവർത്തിച്ചു.

ഫിലിപ്പൊസിന്റെ യാത്ര റഷ്യയിലെ **Scythia**യിലും നടന്നതായി ചരിത്രം പറയുന്നു. അവിടെ 20 വർഷത്തോളം യേശുവിനെ പ്രസംഗിച്ചു. തുടർന്ന് തുർക്കിയിലെ **Hierapolis** നഗരത്തിൽ വന്ന് സുവിശേഷ യാത്ര ആരംഭിച്ചു. ഈ സ്ഥലത്ത് ഫിലിപ്പൊസ് യേശുക്രിസ്തുവിന്റെ രക്തസാക്ഷിയായി.

ഇത് വായിക്കുന്ന യൗവനക്കാരെ, ഫിലിപ്പൊസിന്റെ യാത്ര ആരംഭിച്ചത് വിചാരണയോടെയാണെങ്കിലും, അത് അവസാനിച്ചത് യേശുക്രിസ്തുവിന്റെ രക്തസാക്ഷി മരണത്തോടെയാണ്. യേശുക്രിസ്തുവിനുവേണ്ടി തന്റെ ജീവനെപ്പോലും ഗണ്യമാക്കാതെ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. നാമും ഫിലിപ്പൊസിനെപ്പോലെ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവരായി ക്രിസ്തുവിന്റെ സുവിശേഷം ധൈര്യത്തോടെ പ്രസംഗിക്കണം.

"വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക;" (2 തിമൊ. 4:2).



# സന്ദേശം



എന്റെ പ്രിയപ്പെട്ട യൗവനക്കാരെ!

യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ! കഴിഞ്ഞ മാസം മുഴുവനും നിങ്ങളെ കൺമണിപോലെ സംരക്ഷിച്ച കർത്താവിനെ ഞാൻ സ്തുതിക്കുന്നു. നാം ജീവിക്കുന്ന ഈ ലോകം പലപ്പോഴും സ്വാർത്ഥത നിറഞ്ഞതായി കാണപ്പെടുന്നു. നാം മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാതെ സ്വാർത്ഥരായി ജീവിക്കുന്നു. വേദനയോടും കഷ്ടപ്പാടുകളോടും ജീവിക്കുന്ന മനുഷ്യരോട് "എന്തുപറ്റി" എന്ന് കേൾക്കുവാനോ, അന്വേഷിക്കുവാനോ പോലും മനസ്സില്ലാത്ത സ്വാർത്ഥമായ ജീവിതമാണ് നാം ഇന്ന് നയിക്കുന്നത്.

എന്നാൽ നമ്മുടെ ദൈവം അങ്ങനെയല്ല, 'നിനക്ക് സുഖമാണോ? ഞാൻ നിനക്ക് എന്താണ് ചെയ്യേണ്ടത്?' എന്ന് അന്വേഷിക്കുകയും, നമ്മുടെ സാഹചര്യം നന്നായി മനസ്സിലാക്കുകയും സഹായിക്കുകയും ചെയ്യുന്നു.

അനാഥയായ ഹാഗാരിനെ നോക്കി "എവിടുന്ന് വരുന്നു? എവിടേക്ക് പോകുന്നു?" എന്ന് അന്വേഷിച്ച് ദാസിയായിരുന്നിട്ടും അവൾക്കായി ഉപദേശം നൽകി, അവളെ ആശ്വസിപ്പിച്ച് അവൾക്ക് വഴി കാണിച്ചുകൊടുത്തു.

വഴിയരികിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന ബർത്തിമായിയുടെ വ്യസനം നിറഞ്ഞ ശബ്ദം കേട്ടപ്പോൾ യേശു "ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്" എന്ന് ചോദിച്ചു. പലരും അവനെ നിശബ്ദനാക്കുവാൻ ശ്രമിച്ചപ്പോഴും ദൂരെ നിന്ന് യേശു അവന്റെ വിശ്വാസത്തിന്റെ ശബ്ദം കേട്ടു. അവന്റെ സങ്കടം മാറ്റുവാൻ തക്കവണ്ണം അവനോട് ഇടപെട്ട് അവന്റെ കണ്ണുകൾ തുറന്നു.

38 വർഷമായി എല്ലാവരും മറന്നുപോയിരുന്ന, ബന്ധുക്കളാൽ തള്ളപ്പെട്ട ഒരു മനുഷ്യനോട് "സൗഖ്യമാകുവാൻ നിനക്ക് മനസ്സുണ്ടോ?" എന്ന് യേശുക്രിസ്തു ചോദിച്ചു. പല പ്രാവശ്യം തന്റെ ജീവിതം അവസാനിച്ചു, പുതിയൊരു ജീവിതം ഇല്ലല്ലോ എന്ന് തകർന്നുപോയ അവനെ തന്റെ അന്വേഷണത്തിലൂടെ വിടുതൽ നൽകി പുതിയൊരു പ്രഭാതം കാണിച്ചു.



ഇത് വായിക്കുന്ന യൗവനക്കാരെ, എ'ന്നെ അന്വേഷിക്കുവാൻ ആരുമില്ല, എന്നെ സ്നേഹിക്കുവാൻ ആരുമില്ല' എന്ന് തേങ്ങലോടിരിക്കുന്നുവോ? നിങ്ങളെ അന്വേഷിക്കുവാനും, നിങ്ങളുടെ ഹൃദയത്തിലെ വേദനകൾ മനസ്സിലാക്കുവാനും കഴിയുന്ന ഒരു ദൈവമുണ്ട്. നിങ്ങൾക്കുവേണ്ടി മനോഹരമായ പദ്ധതികൾ നൽകുകയും ജീവിതത്തിൽ നിരവധി അനുഗ്രഹങ്ങളും വിജയങ്ങളും മുന്നമേ നിശ്ചയിച്ചിരിക്കുകയും ചെയ്യുന്ന കർത്താവ് നിങ്ങളോടുകൂടെ ഉണ്ട്. കർത്താവിനോട് ചേർന്ന്, ആശ്രയിച്ച് ജീവിക്കുവാൻ നിങ്ങളെ സമർപ്പിക്കുമ്പോൾ, അനേകർക്ക് അനുഗ്രഹമായി മാറുവാൻ നിങ്ങൾക്ക് കഴിയും. ഈ ഉണർവിന്റെ കാലത്ത് കർത്താവ് നിങ്ങളെ ശക്തമായി ഉപയോഗിക്കും എന്നതിൽ സംശയമില്ല.





നിന്നെ കരുതുകയും ഉയർത്തുകയും ചെയ്യുന്ന യേശു!

തന്റെ ജനങ്ങളെ ആശ്വസിപ്പിക്കുവാൻ, നിന്നെ വിളിക്കുന്നു!

നിങ്ങൾ നിമിത്തം അനേകർ ആശ്വാസം കണ്ടെത്തും! നീ എഴുന്നേൽക്ക!

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



# ജോർജ്ജ് VS സ്പോർട്സ്

**കുട്ടിക്കാലത്തിൽ തന്നെ പഠനത്തിലും കായികരംഗത്തും മികവ് പുലർത്തുകയും നിരവധി സമ്മാനങ്ങൾ നേടുകയും ഫുട്ബോളിൽ സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട് ഇന്ന് ഒരു എഞ്ചിനീയറായി ജോലി ചെയ്തുവരുന്ന സഹോ. ജോർജ്ജ് അബ്രഹാം, തന്റെ വിജയത്തിന്റെ രഹസ്യവും സാക്ഷിയും നമ്മോട് പങ്കുവയ്ക്കുന്നു. വരുവിൻ കേൾക്കാം.**





### ഹലോ ജോർജ്ജ്!! നിങ്ങളുടെ കുടുംബത്തെയും ബാല്യകാലത്തെയും കുറിച്ച് പറയാമോ?

ശ്രീ. സ്പർജൻ കുമാറിന്റെയും ശ്രീമതി. കലാറാണി കുമാറിന്റെയും രണ്ടാമത്തെ മകനായ ഞാൻ മുംബൈയിലാണ് ജനിച്ച് വളർന്നത്. എനിക്ക് ഒരു സഹോദരനുണ്ട്. അവൻ സ്വന്തമായി കമ്പനി നടത്തുന്നു. തിരുനെൽവേലിയാണ് എന്റെ സ്വദേശം. എന്റെ പിതാവ് വിവാഹത്തിന് മുമ്പ് ജോലിക്കായി മുംബൈയിൽ വന്ന് ഇവിടെ സ്ഥിരതാമസമാക്കി. ഞാൻ ഒരു പരമ്പരാഗത ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ച് വളർന്നത്. എല്ലാ ഞായറാഴ്ചയും ഞങ്ങൾ കുടുംബമായി പള്ളിയിൽ പോകും. കൊച്ചു കുഞ്ഞുങ്ങളായിരിക്കുമ്പോൾ തന്നെ ഞങ്ങളുടെ മാതാപിതാക്കൾ ഞങ്ങളെ വചനം പഠിപ്പിക്കുകയും, അത് മനഃപാഠമാക്കുകയും ചെയ്തിരുന്നു. കുട്ടിക്കാലം മുതൽ പള്ളിയിൽ നടക്കുന്ന എല്ലാ പരിപാടികളിലും എന്നെ പങ്കെടുപ്പിക്കുമായിരുന്നു. സ്കൂളിലെ ഏറ്റവും മികച്ച വിദ്യാർത്ഥിയും ഞാനായിരുന്നു. സ്കൂളിൽ എനിക്ക് നല്ല പേരുണ്ടായിരുന്നു.

### സൂപ്പർ .... നിങ്ങളുടെ കുടുംബത്തെ കുറിച്ച് പറഞ്ഞു... കുട്ടിക്കാലം മുതൽ നിങ്ങൾക്ക് സ്പോർട്സിൽ താൽപര്യമുണ്ടായിരുന്നോ?

അതെ, കുട്ടിക്കാലം മുതൽ എനിക്ക് സ്പോർട്സിനോട് വളരെ താൽപര്യമുണ്ടായിരുന്നു. Chess, carom തുടങ്ങിയ indoor games കളിക്കാറുണ്ട്. അതുമാത്രമല്ല athlecticsൽ 100m, 200m റിലേ മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി മെഡലുകൾ നേടിയിട്ടുണ്ട്. ഞാൻ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ കൂട്ടുകാരോടൊപ്പം ഫുട്ബോൾ




കളിക്കാൻ തുടങ്ങി. അന്നുമുതൽ ഫുട്ബോളിൽ കൂടുതൽ താൽപര്യം തോന്നിത്തുടങ്ങി. അതിനുശേഷം പരിശീലകർ എന്നെ പരിശീലിപ്പിക്കാൻ തുടങ്ങി. കഠിന പരിശീലനം നടത്തി സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഇതിലൂടെ ധാരാളം അവാർഡുകൾ ഞാൻ നേടിയിട്ടുണ്ട്. ഞാൻ വളരെ തീഷ്ണമായാണ് കളിക്കുന്നത്.

**Wow സൂപ്പർ ....! ഏതൊക്കെ അവാർഡുകൾ, എന്തിനൊക്കെയാണ് നേടിയതെന്ന് പറയാമോ?**

പഠനത്തിലും കായികരംഗത്തുമായി ഏകദേശം 250 സർട്ടിഫിക്കറ്റുകൾ ഞാൻ നേടിയിട്ടുണ്ട്. 100 മീറ്റർ, 200 മീറ്റർ ലോങ്ജമ്പ് ഇനങ്ങളിൽ പങ്കെടുത്ത് നിരവധി മെഡലുകൾ നേടി. ഇതുകൂടാതെ, പാഠ്യേതര പ്രവർത്തനങ്ങൾക്കായി നിരവധി സർട്ടിഫിക്കറ്റുകളും ഞാൻ നേടിയിട്ടുണ്ട്. സ്കൂളിൽ മികച്ച പഠനം കാഴ്ചവച്ചതിന് Trophy നേടിയിട്ടുണ്ട്.

ചെറിയ ക്ലാസ് മുതൽ പത്താം ക്ലാസ് വരെ നടത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ മികച്ച വിദ്യാർത്ഥിക്കുള്ള Trophy യും ഞാൻ നേടി. ഫുട്ബോൾ ഗെയിമിന് എനിക്ക് നിരവധി ഷീൽഡുകളും സർട്ടിഫിക്കറ്റുകളും ലഭിച്ചിട്ടുണ്ട്. ദേശീയ തലത്തിലെ ഫുട്ബോൾ കളിക്കാരനായി വളർന്ന ഞാൻ, യു.എസ്.എ.യിലെ കാലിഫോർണിയയിലെ സാൻ ഡിയാഗോയിൽ നടന്ന GYLSൽ (The Global Youth Leaders Summit) രണ്ട് തവണ ഇന്ത്യയെ പ്രതിനിധീകരിച്ചു.

**ഇത്രയധികം മെഡലുകളും സർട്ടിഫിക്കറ്റുകളും നേടിയ നിങ്ങൾ ഒരു മികച്ച കായികതാരമായിരിക്കണം! ശരി ... ഫുട്ബോൾ കളിക്കിടെ ധാരാളം പരിക്കുകൾ ഉണ്ടാകുന്നത് സാധാരണമാണ്. അങ്ങനെ പരിക്കുപറ്റിയതിന്റെ മറക്കാനാവാത്ത അനുഭവം നിങ്ങൾക്കുണ്ടോ?**





ഫുട്ബോൾ കളിക്കുമ്പോൾ ധാരാളം അടികൾ ഏല്ക്കും. അത്തരത്തിൽ ഉണ്ടാകുന്ന ചെറിയ ചെറിയ മുറിവുകളിൽ പ്രാർത്ഥിച്ച് മരുന്ന് പുരട്ടുമ്പോൾ അത് ഭേദമാകും. എന്നാൽ 2023 ഫെബ്രുവരിയിൽ ഒരു ദിവസം ഞാൻ ക്ലബ്ബിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ defender എന്നെ ഇടിച്ചതുനിമിത്തം എന്റെ കാൽമുട്ടിന് താഴെ പരിക്കുപറ്റി. എപ്പോഴും പരിക്കുപറ്റുന്നതു പോലെ തന്നെ എന്ന് ചിന്തിച്ച് ഞാൻ ഗുളിക കഴിച്ചുകൊണ്ടിരുന്നു. ഒരാഴ്ച കഴിഞ്ഞിട്ടും എനിക്ക് വേദന മാറിയില്ല. കാൽ വല്ലാതെ വീർക്കുവാൻ തുടങ്ങി. കാലുവേദന നിമിത്തം രാത്രി മുഴുവനും ഉറങ്ങുവാനും കഴിഞ്ഞിരുന്നില്ല. രാത്രി ഉണർന്നിരുന്ന് കാല് തടവിക്കൊണ്ടിരിക്കും. മുടന്തി മുടന്തിയാണ് നടന്നിരുന്നത്. എനിക്ക് ഒറ്റയ്ക്ക് നടക്കുവാൻ കഴിഞ്ഞിരുന്നില്ല. മറ്റൊരാളുടെ സഹായത്തോടെ മാത്രമേ നടക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഡോക്ടറെ കണ്ട് എക്സറേ എടുത്തപ്പോൾ, ആറ് മാസം മരുന്ന് കഴിക്കണമെന്നും ഫിസിയോതെറാപ്പി ചെയ്യണമെന്നും കാൽ അനങ്ങാതെ സൂക്ഷിച്ചാൽ



ശരിയാകുവാൻ സാധ്യതയുണ്ടെന്ന് നിർദ്ദേശിച്ചു. കാലിൽ പരിക്കേറ്റതിനാൽ കളിക്കുവാൻ കഴിയാതെ വളരെ തളർന്നുപോയി.



**ഡോക്ടർ പറഞ്ഞതുപോലെ മരുന്ന് കഴിച്ച് ഫിസിയോതെറാപ്പി ചെയ്തോ? എങ്ങനെയാണ് നിങ്ങൾ അതിൽ നിന്ന് സൗഖ്യം പ്രാപിച്ചത്?**

10 ദിവസത്തെ മരുന്നും ഫിസിയോ തെറാപ്പിയും കഴിഞ്ഞിട്ടും എന്റെ വേദന ശമിച്ചില്ല. എങ്കിലും, ഈ അവസ്ഥയിൽ വളരെ അസ്വസ്ഥരായ എന്റെ മാതാപിതാക്കൾ "വരുവിൻ പ്രാർത്ഥിക്കാം" പരിപാടി കാണുവാൻ എന്നെ പ്രോത്സാഹിപ്പിച്ചു. 2023 മെയ് മാസം മുതൽ ഞങ്ങൾ കുടുംബമായി എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച സംപ്രേക്ഷണം ചെയ്യുന്ന അത്ഭുത മഹോത്സവം കണ്ടുകൊണ്ടിരുന്നു. അപ്പോൾ മോഹൻ അങ്കിൾ പ്രാർത്ഥനയിൽ ജോർജ്ജ് അബ്രഹാം എന്ന് എന്റെ പേര് വിളിച്ച്, എന്റെ അസുഖത്തെക്കുറിച്ച് പറഞ്ഞു, യേശുക്രിസ്തു ഇപ്പോൾ നിങ്ങൾക്ക് സൗഖ്യം നൽകും എന്ന് പറഞ്ഞു. ആ പ്രാർത്ഥന എന്നെ ഉത്സാഹപ്പെടുത്തുകയും, എന്റെ ഉള്ളിൽ വിശ്വാസം ഉടലെടുക്കുകയും ചെയ്തു. എന്റെ ഹൃദയത്തിൽ അളവില്ലാത്ത സന്തോഷവും നൽകി. പ്രാർത്ഥനയുടെ മൂന്നാം ദിവസം മുതൽ ആരുടെയും സഹായമില്ലാതെ എഴുന്നേറ്റ് നടന്ന് കടയിലേക്ക് പോകുവാൻ തുടങ്ങി. ഒരാഴ്ച കഴിഞ്ഞ് ഞാൻ ഫുട്ബോൾ കളിക്കാൻ മൈതാനത്തിലേക്ക് പോയി. കാലിനേറ്റ പരിക്കിന് മുമ്പ് കളിച്ചതിനേക്കാൾ കൂടതൽ ഓടി കളിച്ചു. ഇപ്പോൾ എന്റെ കാലിന് ഒരു പ്രശ്നവുമില്ല. അതിനുശേഷം ഞാൻ മരുന്ന് കഴിച്ചിട്ടില്ല. 'ആറ് മാസം മരുന്ന് കഴിച്ച് വിശ്രമിക്കൂ' എന്ന് പറഞ്ഞ ഡോക്ടർ, വെറും ഒരു മാസത്തിനുള്ളിൽ ശരിയായത് കണ്ട് അത്ഭുതപ്പെട്ടു. അത് യേശുവിലൂടെ മാത്രമാണ് എന്ന് എനിക്ക് പറയുവാൻ കഴിയും.

**സൂപ്പർ ... ഇത്രയും വലിയ അത്ഭുതം ചെയ്ത കർത്താവിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്യുന്നത്?**

കർത്താവുമായുള്ള ബന്ധത്തിൽ ഞാൻ കൂടുതൽ വളരുവാൻ തുടങ്ങിയിരിക്കുന്നു. എനിക്ക് ഇത്ര വേഗം വിടുതൽ കിട്ടിയത് കണ്ട് എന്റെ സ്നേഹിതരെല്ലാം അത്ഭുതപ്പെട്ടു. അങ്ങനെ എനിക്ക് സംഭവിച്ച അത്ഭുതത്തെക്കുറിച്ച് ഞാൻ അവരോട് പറയുവാൻ തുടങ്ങി. നിരവധി ക്യാമ്പുകളിൽ പങ്കെടുത്ത് ഞാൻ എന്റെ ആത്മീയ ജീവിതം മെച്ചപ്പെടുത്തുകയാണ്. എനിക്ക് കഴിയുന്ന ചെറിയ ശുശ്രൂഷകളും ചെയ്തുവരുന്നു. മുംബൈയിൽ BE Computer Science പഠിച്ച് അവിടെ ജോലി ചെയ്ത ശേഷം ഇപ്പോൾ ബാംഗ്ലൂരിലെ ഒരു കമ്പനിയിൽ ഡാറ്റാ എഞ്ചിനീയറായി ജോലി ചെയ്യുന്നു. മുംബൈയിലെ കാർട്ടർ റോഡിലെ ലിയോ ക്ലബ്ബിലും അംഗമാണ്.

**യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

ഇന്നത്തെ തലമുറകളെല്ലാം വീട്ടിലിരുന്ന് എല്ലാം നേടിയെടുക്കണമെന്നാണ് ചിന്തിക്കുന്നത്. അത് തെറ്റാണ്. നിങ്ങളുടെ ശരീരത്തിന് ശക്തിയുണ്ടാകണമെങ്കിൽ പുറത്ത് പോയി കളിക്കണം. പുറത്ത് പോകുന്നതും കളിക്കുന്നതും വീട്ടിൽ കളിക്കുന്നതും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. പുറത്തുപോകുമ്പോൾ നിങ്ങൾക്ക് ക്ഷമ പഠിക്കുവാനും ആവേശഭരിതരാകുവാനും കഴിയും. മൈതാനത്ത് പോയി കളിക്കാത്തവർ വളരെ മടിയന്മാരാണ്. അതുകൊണ്ട് പുറത്ത് പോയി കളിക്കുന്നത് വളരെ നല്ലതാണ്. അതുപോലെ, നിങ്ങൾക്ക് സുവിശേഷ പ്രഘോഷണം നടത്തുവാൻ ആഗ്രഹമുണ്ടെങ്കിൽ, പുറത്തുപോയി നിങ്ങൾക്ക് കഴിയുന്ന ചെറിയ ശുശ്രൂഷകൾ ചെയ്യാം. നിങ്ങളുടെ സാക്ഷി മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോൾ കർത്താവിന്റെ നാമം മഹത്വപ്പെടും. അതിനായി കർത്താവ് നിങ്ങൾക്ക് കൃപ നൽകും! ഉണർവോടെ ഇരിക്കുവിൻ! പുറത്തേക്ക് പോകുവിൻ!



**പ്രിയ യുവജനങ്ങളെ, സദൃശവാക്യങ്ങൾ 13:4ൽ "മടിയൻ കൊതിച്ചിട്ടും ഒന്നും കിട്ടുന്നില്ല; ഉത്സാഹികളുടെ പ്രാണനോ പുഷ്ടിയുണ്ടാകും" എന്ന് പറയുന്നതുപോലെ നേടണം എന്ന ആഗ്രഹം മാത്രം പോരാ! ജോർജ്ജ് എന്ന സഹോദരനെപ്പോലെ പരിശ്രമിക്കുവിൻ! ചെറിയ പരിക്കുകളാലും പരാജയങ്ങളാലും തളർന്നുപോകരുത്, വേദന സഹിക്കുവിൻ, തളർച്ച തരണം ചെയ്ത് മുന്നോട്ട് പോകുവാൻ ശ്രമിക്കുവിൻ. കർത്താവ് നിങ്ങളെ സഹായിക്കട്ടെ!**




TECH - 8

# ഫോണിന്റെ ഉപയോഗം

**സ്നേഹിതരെ നമസ്കാരം! ഫോണിന്റെ ഉപയോഗം എന്ന ഈ ലേഖനത്തിലൂടെ വീണ്ടും നിങ്ങളെ കണ്ടതിൽ വളരെ സന്തോഷം. സാങ്കേതിക വിദ്യ അതിവേഗം വളരുന്ന ഈ ലോകത്തെ നമ്മുടെ വിരൽത്തുമ്പിലെത്തിക്കാൻ കഴിവുള്ള മൊബൈൽ ഫോണിന് നിരവധി ഗുണങ്ങളുണ്ട്. അതേസമയം നിരവധി ദോഷങ്ങളുമുണ്ട്. നമ്മുടെ സമയം നഷ്ടപ്പെടുത്തുന്ന അനാവശ്യ കാര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഗുണങ്ങൾ ഈ മാസം നമുക്ക് അറിയാം.**

നാം മൊബൈൽ ഫോണിലൂടെ പല കാര്യങ്ങളും ചെയ്യുന്നുണ്ടെങ്കിലും ഇക്കാലത്ത് മൊബൈൽ ഫോൺ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾക്ക് മാത്രമാണ് കൂടുതലും ഉപയോഗിക്കുന്നത്. **orkut, facebook, twitter, instagram, threads** തുടങ്ങിയ സമൂഹ മാധ്യമങ്ങൾ വളരുകയാണ്. ഇവ കൂടുതലായും വിനോദങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. എന്നാൽ ചില സമൂഹ മാധ്യമ സൈറ്റുകൾ ജീവിതത്തിൽ ഉയർച്ച പ്രാപിക്കുവാനും അതേ സമയം ശരിയായ പാതയിലേക്ക് നയിക്കുവാനും നമ്മെ സഹായിക്കുന്നു. അത്തരത്തിലുള്ള ഒന്നാണ് **linkedin.**



**linkedin** വെബ്സൈറ്റ് ജോലി അന്വേഷിക്കുന്നവർക്കുവേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഇതിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കാം. എണ്ണമറ്റ കമ്പനികൾ, കമ്പനികളുടെ **HR** വകുപ്പുകളുമെല്ലാം ഈ സമൂഹ മാധ്യമ വെബ്സൈറ്റിലുണ്ട്. ഒരു അക്കൗണ്ട് തുറന്ന് നിങ്ങളുടെ പ്രൊഫൈൽ രജിസ്റ്റർ ചെയ്യുക എന്നതാണ് നിങ്ങൾ ചെയ്യേണ്ടത്. ഈ വെബ്സൈറ്റിൽ കാണുന്ന കമ്പനികൾ നിങ്ങളെ അഭിമുഖത്തിന് ക്ഷണിക്കുകയും വിജയിക്കുന്നവർക്ക് ജോലി അവസരങ്ങൾ വാഗ്ദാനം നൽകുകയും ചെയ്യും. ഈ സൈറ്റിൽ നിങ്ങളുടെ വിദ്യാഭ്യാസത്തിന് അനുയോജ്യമായ കമ്പനികളെ തിരഞ്ഞെടുക്കുവാനും, ജോലിയ്ക്കുവേണ്ടി അപേക്ഷകൾ നൽകുവാനും കഴിയും.




ഈ കാലഘട്ടത്തിൽ ജോലി അന്വേഷിക്കുന്നത് മുതൽ നിയമനം വരെ എല്ലാം **linkedin** വഴിയാണ് നടക്കുന്നത്. കൂടാതെ, വിവിധ കമ്പനികളുടെ ഹ്യൂമൻ റിസോഴ്സ് ( **HR**) ഡിപ്പാർട്ട്മെന്റുകൾ ഉദ്യോഗാർത്ഥിയെ അഭിമുഖത്തിന് വിളിക്കുന്നതിന് മുമ്പ് **linkedin** വഴി പ്രൊഫൈൽ പരിശോധിക്കുന്നു. നിങ്ങൾ പുതുമുഖമോ അനുഭവപരിചയമുള്ളവരോ ആകട്ടെ, ഉചിതമായ ഇടവേളകളിൽ **linkedin** പേജിൽ നിങ്ങളുടെ പ്രൊഫൈൽ അപ് ഡേറ്റ് ചെയ്യേണ്ടത് ആവശ്യമാണ്. കാരണം, **linkedin** ൽ നമ്മുടെ പ്രൊഫൈൽ നോക്കിയാണ് നമ്മെ വിലയിരുത്തുന്നത്.

പ്രിയപ്പെട്ട യൗവനക്കാരെ, ഒരു പക്ഷേ നിങ്ങളും ഒരു തൊഴിലന്വേഷകനോ അല്ലെങ്കിൽ ജോലി നഷ്ടപ്പെട്ടിട്ട് എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുകയായിരിക്കാം. ഭാരപ്പെടേണ്ട, "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:7) എന്ന് വചനം പറയുന്നു. അതുകൊണ്ട് നിങ്ങളുടെ ആശങ്കകൾ യേശുവിന്റെ മേൽ വച്ച് പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ സമയം അനാവശ്യമായി മൊബൈലിൽ ചിലവഴിക്കാതെ, ഉപയോഗപ്രദമായ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുവിൻ. കർത്താവ് തീർച്ചയായും നിങ്ങളുടെ പ്രാർത്ഥന കേട്ട് നിങ്ങളെ അനുഗ്രഹിക്കും.

# കൺമോഹം നിമിത്തം വീഴ്ചയുണ്ടായി




സഹോദരാ, ഞാൻ ഒരു ഐടി കമ്പനിയിൽ സോഫ്റ്റ് വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഫോണിലൂടെ അശ്ലീലം കാണുന്നത് അവസാനിപ്പിക്കുവാൻ എനിക്ക് കഴിയുന്നില്ല. വീണ്ടും വീണ്ടും ഞാൻ പാപം തന്നെ കാണുന്നു. മണിക്കൂറുകളോളം ഫോണിൽ ഇതുതന്നെ നോക്കിക്കൊണ്ടിരിക്കുന്നതുനിമിത്തം എനിക്ക് ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുന്നില്ല. എന്റെ performance ശരിയല്ലാത്തതിനാൽ, ജോലി നഷ്ടപ്പെടുമെന്ന സാഹചര്യത്തിലായിരിക്കുന്നു. ഇതൊന്നും എന്റെ മാതാപിതാക്കൾക്ക് അറിയില്ല. ഒരു വശത്ത് പാപ പോരാട്ടം, മറുവശത്ത് ജോലിയിലെ പ്രശ്നം ഇത്തരത്തിൽ പല കഷ്ടതകളിൽ ഞാൻ അകപ്പെട്ടിരിക്കുന്നു. Please, ഇതിൽ നിന്ന് എങ്ങനെ കരകയറമെന്ന് വ്യക്തമായ ഉപദേശം നൽകുവിൻ.

- സെൽവ, ചിറ്റൂർ.

പ്രിയപ്പെട്ട സഹോദരാ, നിങ്ങളുടെ വേദന എനിക്ക് മനസ്സിലാകുന്നു. ആഗ്രഹിക്കുന്നത് ചെയ്യുവാൻ കഴിയാതെയും, ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യേണ്ടിവരുന്നതിന്റെ വേദനയും പശ്ചാത്താപവും ഞാൻ നന്നായി തിരിച്ചറിയുന്നു.

സെൽവാ, ഏത് അഗാധത്തിൽ നിന്നും, പുറത്തുവരാൻ ശ്രമിച്ചാൽ, തീർച്ചയായും പുറത്തുവരാം. ഈ പാപ അടിമത്തവും അതുപോലെയാണ്. സെൽവ, വീഴ്ന്നുപോയല്ലോ എന്ന് നിങ്ങൾ വിലപിക്കുന്നു. എന്നാൽ, ഈ പാപകരമായ ശീലം ഒരു ആസക്തിയായി മാറുന്നതിന് 4 ഘട്ടങ്ങളുണ്ട്.

**Stage 1- Slip** ഒരു വീഴ്ച സംഭവിക്കുന്നു. വീഴ്ച ഉണ്ടാകുമ്പോൾ തന്നെ അതിനെ കൈകാര്യം ചെയ്താൽ, ഈ പാപത്തിൽ നിന്ന് രക്ഷപ്പെടാം. അല്ലെങ്കിൽ, 'കർത്താവേ എന്നെ സഹായിക്കേണമേ' എന്ന് നിലവിളിച്ചാലും ആ വീഴ്ചയിൽ നിന്നും കരകയറാം.

**Stage 2- Symptoms** പതിവായി അല്ലെങ്കിൽ ആവർത്തിച്ചുള്ള പെരുമാറ്റം.

**Stage 3- Sin** പാപത്തിൽ നിലനിൽക്കുന്നു.

**Stage 4 - Strong hold** ഒരു കോട്ടപോലെ നിരന്തരമായി ആവസിക്കും.

ഈ ഘട്ടങ്ങൾ കടക്കുമ്പോൾ മാത്രമാണ് പാപം സ്ഥിരമായി നമ്മിൽ ആവസിക്കുകയുള്ളൂ.

ആദ്യമായി, ചിന്തയിൽ നിന്ന് ഈ പാപം മറികടക്കാം! എന്നാൽ ചിന്തകളാൽ നിറയുന്നതുകൊണ്ടാണ് നാം വീഴ്ന്നുപോകുന്നത്.

കാലക്രമേണ വീഴ്ച സാധാരണമായിത്തീരുന്നു. അതുകൊണ്ടുതന്നെ അശ്ലീലങ്ങൾ കാണണമെന്ന് ഇടയ്ക്കിടെ തോന്നലുണ്ടാകും.


ദിവസങ്ങൾ കഴിയുന്തോറും അത് പാപമായി മാറുകയും ഒടുവിൽ നമ്മെ മരവിപ്പിക്കുകയും ചെയ്യുന്നു.

## ഈ പാപത്തെ എങ്ങനെ ജയിക്കാം?

- ഒറ്റപ്പെടലുണ്ടാകുന്ന സമയങ്ങൾ ഒഴിവാക്കണം. കഴിയുന്നത്രയും കൂട്ടമായോ, അല്ലെങ്കിൽ സ്നേഹിതരോടൊപ്പമോ ആയിരിക്കുവാൻ ശ്രമിക്കുവിൻ.




- എന്ത് ജോലി ഉണ്ടായാലും രാത്രി 9.30 ന് ശേഷം മൊബൈൽ ഫോൺ ഉപയോഗിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ഫോൺ സ്വിച് ഓഫ് ചെയ്യുവിൻ.



- പകൽ സമയങ്ങളിൽ വാട്സാപ്പിൽ വരുന്ന എല്ലാ സന്ദേശങ്ങളും വായിക്കുന്നതും വീഡിയോകൾ കാണുന്നതും ഒഴിവാക്കുവിൻ. എന്തെന്നാൽ, ഈ ദൃശ്യങ്ങൾ നിങ്ങളുടെ ചിന്തകളെ ബാധിക്കും.

- പത്രം വായിക്കുമ്പോഴും പ്രത്യേകമായി ഒഴിവാക്കേണ്ട ഭാഗങ്ങൾ നോക്കുകയോ വായിക്കുകയോ ചെയ്യാതിരിക്കുവാൻ ശ്രമിക്കുവിൻ. എന്തെന്നാൽ, ആ ചെറിയ ചെറിയ ഫോട്ടോകളും സന്ദേശങ്ങളും നിങ്ങളുടെ മനസ്സിൽ അനാവശ്യ ചിന്തകൾ സൃഷ്ടിക്കും.

- കാറിലോ ബസിലോ യാത്ര ചെയ്യുമ്പോൾ, കാഴ്ചകൾ കാണുന്നത് ഒഴിവാക്കാം. നിങ്ങളുടെ കാഴ്ചകൾ നല്ലതായിരുന്നാൽ ചിന്ത സുഗമമാകും.

**ഇവയ്ക്കെല്ലാം ഉപരിയായി നിങ്ങളുടെ കണ്ണുകൾക്കായും, ചിന്തകൾക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ. ഈ പാപ ചിന്തകളെ മറികടക്കുവാൻ കർത്താവ് നിങ്ങളെ സഹായിക്കും.**

നിങ്ങളെ എങ്ങനെ ഒറ്റപ്പെടുത്തണമെന്ന് സാത്താന് അറിയാം! എന്നാൽ ഒറ്റപ്പെടലിൽ സൂക്ഷിക്കുവാനും, വിജയം നൽകുവാനും യേശുവിന് കഴിയും.

ദൈവവചനങ്ങൾ ഏറ്റുപറഞ്ഞ് വിജയിക്കുവിൻ.

**കണ്ണുകൾക്കായുള്ള വചനം:** ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു (മത്തായി 6:22,23; 5:28), ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു (ഇയ്യോബ് 31:1)

**ഹൃദയത്തിനായുള്ള വചനം:** സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക (സദൃ. 4:23).

**ചിന്തയ്ക്കായുള്ള വചനം:** ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കുന്നു (2 കൊരി 10:5).

ഇങ്ങനെ ഓരോ അവയവത്തോടും വചനം ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ച്, ഈ പാപത്തിൽ നിന്നും വിജയിക്കുവിൻ. "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ. 28:13) എന്ന് വചനം വ്യക്തമായി പറയുന്നു.സെൽവ, കർത്താവ് നിങ്ങൾക്ക് നിരന്തരവും ശാശ്വതവുമായ വിടുതൽ നൽകുന്നു.



**കർത്താവ് നൽകുന്ന അത്ഭുത വിടുതൽ സ്വീകരിച്ചുകൊണ്ട് കർത്താവിനുവേണ്ടി പ്രവർത്തിക്കുവാൻ തുടങ്ങുവിൻ. നിങ്ങൾ പാപത്തിൽ നിന്ന് പിന്മാറി വിശുദ്ധ ജീവിതം നയിക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തിൽ ആശയക്കുഴപ്പമല്ല, ഉയർച്ചയും വിജയവും ഉണ്ടാകും. വിടുതൽ പ്രാപിച്ച് വിജയത്തിലേക്കുള്ള യാത്രയ്ക്ക് അഭിനന്ദനങ്ങൾ! ദൈവ കൃപ നിങ്ങളോടുകൂടെ ഉണ്ടാകുമാറാകട്ടെ!**

# സമാധാനപ്രഭുവായ യേശു!





സഹോ. മോഹൻ സി. ലാസറസ്

സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" എന്ന് യേശുക്രിസ്തു പറയുന്നു.

"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്" (യോഹന്നാൻ 14:27).

ഇന്ന് എല്ലാ സ്ഥലങ്ങളിലും സമാധാനമില്ലാത്ത അന്തരീക്ഷമാണ്; ജോലി സ്ഥലങ്ങളിൽ, ബിസിനസ്സ് സ്ഥലങ്ങളിൽ, കുഞ്ഞുങ്ങളുടെ ജീവിതത്തിൽ സമാധാനം നഷ്ടപ്പെടുന്നത് ഒരു വേദനാജനകമായ കാര്യമാണ്. +2 പരീക്ഷയിൽ ഒരു മാർക്ക് കുറഞ്ഞുപോയാൽ കുഞ്ഞുങ്ങൾക്ക് സമാധാനം നഷ്ടപ്പെടുന്നു. ആശയക്കുഴപ്പവും, ടെൻഷനും ഉണ്ടാകുന്നത് നിമിത്തം, 'എന്തുകൊണ്ടാണ് എനിക്ക് ഇങ്ങനെ സംഭവിക്കുന്നത്?, ജീവൻ അവസാനിപ്പിക്കാം ' എന്ന് ചിന്തിക്കുന്നു. ഒരു മാർക്കിൽ സമാധാനം നഷ്ടപ്പെടുന്നു. ചെറിയ തലവേദന ഉണ്ടായാൽ, വീട്ടിലെ സമാധാനം ബാധിക്കപ്പെടുന്നു. ഒരു ചെറിയ വിഷയം പോലും നിങ്ങളുടെ സമാധാനത്തെ നഷ്ടപ്പെടുത്തി, തകർത്തുകളയുന്നു. എന്താണ് കാരണം? നിങ്ങളുടെ ഹൃദയത്തിൽ സമാധാനമില്ല. ഇതുവരെ കർത്താവിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിട്ടില്ല. ഇത്രയും സമാധാനമില്ലാത്ത സാഹചര്യത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെ നോക്കി, "എന്റെ മക്കളെ, എന്റെ സമാധാനം, ദൈവീക

## യേശുവിന്റെ സമാധാനം എങ്ങനെയുള്ളതാണ്?

യേശു തന്റെ ശിഷ്യന്മാരോടൊപ്പം പടകിൽ യാത്ര ചെയ്യുമ്പോൾ, കാറ്റ് വീശുകയും തിരമാലകൾ ആഞ്ഞടിക്കുകയും ചെയ്തു, പടക് മുങ്ങിപ്പോകുമെന്ന സാഹചര്യത്തിലും, യേശു പടകിൽ ശാന്തമായി ഉറങ്ങുകയായിരുന്നു. അപ്പോൾ ശിഷ്യന്മാർ വേഗത്തിൽ യേശുവിനെ ഉണർത്തി. എഴുന്നേറ്റ് നോക്കിയപ്പോൾ, കാറ്റ് ശക്തമായി ആഞ്ഞടിക്കുന്നു, കടൽ ക്ഷോഭിച്ചിരിക്കുന്നു, പടക് ആടിയുലഞ്ഞുകൊണ്ടിരുന്നു. യേശു അവയെ കണ്ട് ഭയപ്പെട്ടില്ല! കർത്താവ് ശിഷ്യന്മാരെ നോക്കി, "നിങ്ങൾ എന്തിനാണ് ഭയപ്പെടുന്നത്? നിങ്ങളുടെ വിശ്വാസം എവിടെ?" എന്ന് ചോദിച്ചതിനുശേഷം, 'കാറ്റേ അടങ്ങ്' എന്ന് പറഞ്ഞപ്പോൾ, കടൽ ശാന്തമാവുകയും ചെയ്തു. എല്ലാവരും ഭയന്ന് നടുങ്ങിയപ്പോഴും, യേശു വളരെ ശാന്തതയോടും സമാധാനത്തോടും എഴുന്നേറ്റ് നിന്ന് എന്തിനാണ് ഭയപ്പെടുന്നതെന്ന് അവരോട് ചോദിച്ചു. അതാണ് യേശുവിന്റെ സമാധാനം. ഈ സമാധാനം നമുക്ക് നൽകുവാനാണ് യേശു ഈ ലോകത്തിലേക്ക് വന്നത്.

ലോകത്തിൽ സമാധാനം അരുളിച്ചെയ്യുവാനാണ് യേശു വന്നതെങ്കിൽ, എന്തുകൊണ്ടാണ് മനുഷ്യ ഹൃദയത്തിൽ സമാധാനം ഇല്ലാത്തത്? കുടുംബത്തിൽ സമാധാനം ഇല്ലാത്തത് എന്തുകൊണ്ടാണ്? എല്ലായിടത്തും സമാധാനമില്ലാത്ത സാഹചര്യമാണ് നാം കാണുന്നത്.



ഒരു മനുഷ്യന്റെ സമാധാനം നഷ്ടപ്പെടുന്നതിന്റെ കാരണമെന്താണ്?

## പാപം

ഏതോ ചില പാപങ്ങൾ നിങ്ങളുടെ ഹൃദയത്തെ കളങ്കപ്പെടുത്തുകയും, ആ പാപങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നത് നിമിത്തവും നിങ്ങളുടെ സമാധാനം ബാധിക്കപ്പെട്ടിരിക്കാം.

(ദുഷ്ടന്മാർക്കു സമാധാനമില്ല - യെശയ്യാവ് 57:21)

സമാധാനപ്രഭുവായ യേശുക്രിസ്തു ഈ ലോകത്തിൽ ആയിരുന്ന നാളുകളിൽ പാപിയായ ഒരു സ്ത്രീ യേശുവിന്റെ പാദത്തിൽ വീണ് കരഞ്ഞു (ലൂക്കോസ് 7:37-50 വായിക്കുവിൻ). തന്റെ കണ്ണുനീരുകൊണ്ട് യേശുവിന്റെ പാദങ്ങൾ നനച്ചു. അവൾ യേശുവിനോട് ഒന്നും പറയുകയോ, ചോദിക്കുകയോ ചെയ്തില്ല. അവൾ ഹൃദയം പൊട്ടി കരയുകയായിരുന്നു. യേശുവിനെ തൊടുവാൻ കഴിയാത്ത രീതിയിൽ പാപത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീ. എന്നാൽ യേശു അവളെ ഉറ്റുനോക്കി, അവളുടെ പാപമാണ് അവളിൽ പരാധീനത കൊണ്ടുവന്നത്! അതുകൊണ്ടാണ് അവൾ വളരെയേറെ കരഞ്ഞുകൊണ്ടിരുന്നത്. 'സമാധാനത്തോടെ പോക, നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞ് യേശു അവളുടെ ഹൃദയത്തിന് ശാശ്വതമായ സമാധാനം നൽകി. പാപം ഹൃദയത്തിൽ നിലനിൽക്കുന്നിടത്തോളം സമാധാനം ബാധിക്കപ്പെട്ടുകൊണ്ടിരിക്കും.



## രോഗം

"അവൻ അവളോടു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥയായിരിക്ക" (മർക്കൊസ് 5:34) എന്ന് പറഞ്ഞു. 12 വർഷമായി രക്തസ്രാവം ബാധിച്ചിരുന്ന അവളുടെ ശരീരം എല്ലും തോലുമായിത്തീർന്നിരിക്കും. സമാധാനവും സ്വസ്ഥതയും നഷ്ടമായി. രോഗം സമാധാനം നഷ്ടപ്പെടുത്തുന്നു. 'ഞാൻ നിന്നെ സൗഖ്യമാക്കുകയും സമാധാനത്താൽ നിറയ്ക്കുകയും ചെയ്യും' എന്ന് യേശു നിങ്ങളോട് പറയുന്നു. ഏത് രോഗമായിരുന്നാലും യേശുവിന് അത് സൗഖ്യമാക്കുവാൻ കഴിയും.

യേശു എനിക്കുവേണ്ടി അത്ഭുതം ചെയ്യുന്നവനാണ് എന്ന് വിശ്വസിക്കുക മാത്രമാണ് ചെയ്യേണ്ടത്.



## ഭയം

"ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സമാധാനം എന്ന് അവരോട് പറഞ്ഞു" (യോഹ. 20:19). എന്തെന്നാൽ, അവരുടെ സമാധാനം നഷ്ടപ്പെട്ടിരുന്നു. ഭയം അവരുടെ സമാധാനം നഷ്ടപ്പെടുത്തി. അവർ ഭയന്ന് മുറിയുടെ വാതിലടച്ച്, പൂട്ടിയ വീട്ടിനുള്ളിൽ ഇരുന്നു എന്ന് വചനം പറയുന്നു. ഭയം അവരുടെ സമാധാനത്തെ തകർത്തു. "ഈ മതനേതാക്കൾ യേശുവിനെ കൊന്നു! അവർ നമ്മെയും കൊല്ലും" എന്ന മാനുഷിക ഭയം അവർക്കുണ്ടായി.

യേശുക്രിസ്തുവിനെ വിശ്വസിച്ച് പടക് ഉപേക്ഷിച്ചു, കുടുംബം ഉപേക്ഷിച്ചു, എല്ലാം ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചു. ഇപ്പോൾ യേശു മരിച്ച് അടക്കം ചെയ്തു, ഇനി എങ്ങനെ ജീവിക്കും? എന്തുചെയ്യും? എന്ന് ഒരുവശത്ത് മരണഭയം , മറുവശത്ത് ഭാവിയെക്കുറിള്ള ഭയം. ഈ ഭയം നിമിത്തം ശിഷ്യന്മാർ ഹൃദയത്തിൽ സമാധാനമില്ലാതെ ഭാരപ്പെട്ടുകൊണ്ടിരുന്നു. ഉയിർത്തെഴുന്നേറ്റ യേശു വന്നു നിന്ന് "നിങ്ങൾക്ക് സമാധാനം! എന്തിന് ഭയപ്പെടുന്നു? ഞാൻ ജീവിച്ചിരിക്കുന്നു!" എന്ന് പറഞ്ഞപ്പോൾ തന്നെ അവരുടെ ഭയം മാറിപ്പോയി. അവരുടെ ഹൃദയത്തിൽ സമാധാനവും സന്തോഷവും ഉണ്ടാവുകയും ചെയ്തു.

**പ്രിയപ്പെട്ടവരെ, ഇന്ന് നിങ്ങൾ ഏതോ ചില വിഷയങ്ങളാൽ ഭയപ്പെട്ടുക്കൊണ്ടിരിക്കുന്നു. ദുഷ്ടന്മാരെക്കുറിച്ചുള്ള ഭയം, മരണ ഭയം, ആവശ്യങ്ങളെക്കുറിച്ചുള്ള ഭയം, ഭാവിയെക്കുറിച്ചുള്ള ഭയം, കടഭാരത്തെക്കുറിച്ചുള്ള ഭയം, സാഹചര്യങ്ങളെക്കുറിച്ചുള്ള ഭയം. എന്തോ ഒരു ഭയം നിങ്ങളുടെ ഹൃദയത്തെ തകർത്ത്, നിങ്ങളുടെ സമാധാനം നശിപ്പിക്കുന്നുവല്ലേ? 'സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു' എന്ന് യേശുക്രിസ്തു പറയുന്നു. ആ സമാധാനം നമ്മുടെ ഉള്ളിൽ വന്നാൽ, നമുക്ക് ചുറ്റും എത്ര കൊടുങ്കാറ്റ് വീശിയാലും, പടക് മുങ്ങുന്ന സാഹചര്യം ഉണ്ടായാലും, നമ്മുടെ ഹൃദയത്തിൽ ഒരു സമാധാനം ഉണ്ടാകും! എന്തിനാണ് ഭയപ്പെടുന്നത്? ഭാരപ്പെടുന്നത്? യേശു നമ്മോടുകൂടെ ഉണ്ടല്ലോ!**

# വീരനായ തിമൊഥെയൊസ്

ഭാഗം - 8





**Hello friends,** എല്ലാവർക്കും സുഖമാണോ? വീരനായ തിമൊഥെയൊസ് എന്ന പംക്തിയിലൂടെ ഈ മാസം വീണ്ടും നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങൾ സ്വാതന്ത്ര്യദിനം നന്നായി ആഘോഷിച്ചുവോ? ഒരു കാലത്തിൽ ബ്രിട്ടീഷുകാരുടെ അടിമത്വത്തിലായിരുന്ന നമ്മുടെ ഇന്ത്യ സ്വാതന്ത്ര്യം നേടി, ഇപ്പോൾ വികസ്വര രാജ്യങ്ങളുടെ പട്ടികയിൽ സ്ഥാനം നേടിയിരിക്കുന്നതിൽ നമുക്ക് വളരെ സന്തോഷമല്ലേ.

അതുപോലെ പാപത്തിന് അടിമകളായിരുന്ന നമുക്ക് വിടുതലും, യഹൂദാ രാജാസിംഹത്തിന്റെ മക്കൾ എന്ന മുദ്രയും കർത്താവ് നൽകിയിരിക്കുന്നത് നമുക്ക് എത്ര വലിയ സന്തോഷമാണല്ലേ! നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം മാത്രമല്ല, നമുക്ക് വിടുതൽ നൽകിയ കർത്താവിന്റെ നാമത്തെയും മഹത്വപ്പെടുത്തേണ്ടതല്ലേ? ശരി, നാം മാത്രം വിടുതൽ പ്രാപിച്ചാൽ മതിയോ? വിടുതൽ ആവശ്യമുള്ളവരോട് അത് അറിയിക്കേണ്ടത് നമ്മുടെ കടമയല്ലേ!

വിശ്വാസി ആയിരുന്ന തിമൊഥെയൊസ് ആത്മീയ ജീവിതത്തിൽ ക്രമേണ പുരോഗതി പ്രാപിച്ച്, ശിഷ്യനായി തുടർന്ന് സഭകളുടെ നേതാവായി വളർന്നു. എഫെസൊസിലെ സഭകളിൽ ഒരു പ്രശ്നമുണ്ടായപ്പോൾ, അപ്പൊസ്തലനായ പൗലൊസ് ആ പ്രശ്നം പരിഹരിക്കുവാൻ തിമൊഥെയൊസിനെ അവിടേക്ക് അയച്ചതായി കഴിഞ്ഞ പംക്തിയിൽ നാം കണ്ടു. തിമൊഥെയൊസിനെ അയച്ച ശേഷം, അദ്ദേഹത്തിന് തുടർച്ചയായി കത്തുകൾ എഴുതിയിരുന്നു. പൗലൊസ് തിമൊഥെയൊസിന് എഴുതിയ ആദ്യത്തെ കത്താണ് നാം തിരുവെഴുത്തുകളിൽ വായിക്കുന്നത്.

അപ്പോൾ എന്താണ് പൗലൊസ് ആ കത്തിൽ എഴുതിയിരുന്നത്? എഫെസൊസ് സഭയുടെ ചുമതല വഹിച്ചിരുന്ന തിമൊഥെയൊസ് എന്ത് നവീകരണ പ്രവർത്തനങ്ങളാണ് ചേയ്യേണ്ടത്?വരുവിൻ കാണാം.

## കള്ള പ്രബോധനങ്ങൾ നീക്കം ചെയ്യുവാനുള്ള ചുമതല

എഫെസൊസിലെ സഭയിൽ ഹുമനയൊസ്, അലെക്സന്തർ പോലുള്ളവർ എഴുന്നേറ്റ് യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും പഠിപ്പിക്കലുകളുമായി ബന്ധമില്ലാത്ത മോശവും വിചിത്രവുമായ കാര്യങ്ങൾ പഠിപ്പിച്ചു. അതുനിമിത്തം സഭയിൽ വാഗ്വാദങ്ങൾ ഉണ്ടായി. ചിലർ വിശ്വാസത്തിൽ ക്ഷീണിച്ചുപോയി. അവരുടെ തെറ്റായ പഠിപ്പിക്കലുകൾ അവസാനിപ്പിക്കുക മാത്രമല്ല, അവ അനുസരിക്കാതിരിക്കുവാൻ വിശ്വാസികളോട് കൽപ്പിക്കുകയും ചെയ്യണമെന്ന ദൗത്യമാണ് തിമൊഥെയൊസിന് ലഭിച്ചത്.

## പ്രാർത്ഥിക്കുന്നവരെ എഴുന്നേൽപ്പിക്കുവാനുള്ള ചുമതല

ആ സഭയിലെ എല്ലാവർക്കും വേണ്ടി അപേക്ഷിക്കുവാനും, റോമിലെ ഭരണാധികാരികൾക്ക് വേണ്ടിയും, പട്ടണത്തിൽ സമാധാനം ഉണ്ടാകുവാൻ വേണ്ടിയും പ്രാർത്ഥിക്കുന്നവരെ എഴുന്നേൽപ്പിക്കേണ്ട ചുമതല തിമൊഥെയൊസിനെ ഏൽപ്പിച്ചു.

## സ്ത്രീകൾക്കും പുരുഷന്മാർക്കും കൗൺസിലിംഗ്

ആ സഭയിലെ സ്ത്രീകളും പുരുഷന്മാരും എങ്ങനെ ആയിരിക്കണം എന്ന് അവരെ ഉപദേശിക്കുവാനും അതനുസരിച്ച് അവരെ നയിക്കുവാനുമുള്ള ചുമതല തിമൊഥെയൊസിനെ ഏൽപ്പിച്ചിരുന്നു.

## നേതാക്കന്മാരുടെ നിയമനം

ദൈവഭയമുള്ള സത്യസന്ധരായ, ആരോഗ്യകരമായ കുടുംബബന്ധമുള്ള ഒരു ചെറിയ കൂട്ടത്തെ അവരുടെ സഭയുടെ മൂപ്പന്മാരായും മേൽവിചാരകന്മാരായും തിരഞ്ഞെടുത്ത് എഫെസൊസ് സഭയുടെ മേൽനോട്ടം വഹിക്കുന്നതിന് നിയമിക്കുന്നതിനുള്ള ചുമതല ഏൽപ്പിച്ചിരുന്നു.

## തെറ്റായ പ്രബോധനത്തെ തിരുത്തുവാനും സത്യം പഠിപ്പിക്കുവാനുമുള്ള ചുമതല

തെറ്റായ പ്രബോധനങ്ങൾ നിമിത്തം ഇടറിപ്പോകുന്ന സഭകളെ വിശ്വാസത്തിൽ വളർത്തുവാൻ ആ സഭയുടെ ചുമതലക്കാരനായി നിയമിച്ചു, സഭയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന തിമൊഥെയൊസിന്റെ ജീവിതം ഒരു മാതൃക ആയിരുന്നാൽ മാത്രമേ അദ്ദേഹം നൽകുന്ന ഉപദേശങ്ങളും, സ്വീകരിക്കുന്ന നിലപാടുകളും പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ട് തന്നെ പൗലൊസ് തിമൊഥെയൊസിന് വേണ്ടി 1 തിമൊ.4ാം അദ്ധ്യായത്തിൽ മാതൃകാപരമായ ജീവിതത്തെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നു.

വിവാഹം കഴിക്കരുതെന്നും മാംസാഹാരം കഴിക്കരുതെന്നും തെറ്റായ ഉപദേശങ്ങൾ നൽകിവരുന്നു. അവയെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തത ഉണ്ടാകേണ്ടതിനും, ജനങ്ങളെ സത്യം പഠിപ്പിക്കുവാനുമുള്ള ചുമതല അദ്ദേഹത്തിന് നൽകിയിരുന്നു.

## വിധവകളെയും പ്രായമായവരെയും പരിപാലിക്കുവാനുള്ള ചുമതല

എഫെസൊസ് സഭയിലെ വിധവകളെ പരിപാലിക്കേണ്ടതിനും അവിടെയുള്ള പ്രായമായവരോട് സ്നേഹപൂർവ്വം ഇടപെടുന്നതിനും അവരെ ബഹുമാനിക്കുന്നതിനും സ്നേഹിക്കുന്നതിനും അവർക്ക് നല്ല കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനുമുള്ള ചുമതല നൽകിയിരുന്നു.

## നിത്യതയ്ക്കുവേണ്ടി സഭയെ തയാറാക്കേണ്ടതിനുള്ള ചുമതല

ദാസന്മാരും, വിശ്വാസികളും തങ്ങളുടെ യജമാനന്മാരോട് എങ്ങനെ ബഹുമാനത്തോടെ ഇടപെടണം എന്നതിനെക്കുറിച്ച് അവർക്ക് ഉപദേശം നൽകുന്നതിനുള്ള ചുമതലയും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

എഫെസൊസ് സഭയിലുള്ള ക്രൈസ്തവർ നന്മയിലും ഔദാര്യത്തിലും സമ്പന്നരായിരിക്കുവാനും നിത്യജീവൻ പ്രാപിക്കുന്നതിലേക്ക് അവരെ വഴിനടത്തുവാനും തിമൊഥെയൊസിനെ ചുമതലപ്പെടുത്തി.

തിമൊഥെയൊസിന് എഴുതപ്പെട്ട ആദ്യത്തെ ലേഖനം ഒരു സഭയുടെ ദർശനത്തെക്കുറിച്ചുള്ള ലേഖനമായിരുന്നു. ഒരു സഭ എങ്ങനെയായിരിക്കണമെന്നും അതിലെ വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും, വൃദ്ധരും വിധവകളും, യജമാനന്മാരും ദാസന്മാരും, മൂപ്പന്മാരും എങ്ങനെയായിരിക്കണമെന്ന് സമ്പൂർണമായി വെളിപ്പെടുത്തിയ ഒരു ദർശനം ഇതിൽ പ്രതിപാദിക്കുന്നു. സഭയുടെ ദർശനം നിറവേറ്റാൻ തിമൊഥെയൊസിനെ അയച്ചു.



ഉപദേശം നൽകുവാനും, ജ്ഞാനം പകർന്നു നൽകുവാനും തെറ്റായ ഉപദേശങ്ങൾ നീക്കി സത്യം പഠിപ്പിക്കുവാനും നൽകിയ ചുമതലയിൽ അദ്ദേഹം പല വിഭാഗത്തിലുള്ള ആളുകളെ കണ്ടുമുട്ടിയിട്ടുണ്ടാകും. എന്നാൽ തിമൊഥെയൊസ് അവരോട് ക്ഷമയോടെ ഇടപെടുകയും യേശുക്രിസ്തുവിന്റെ കൃപയാൽ തനിക്ക് ലഭിച്ച

സഭയെക്കുറിച്ചുള്ള ദർശനം നിറവേറ്റുകയും ചെയ്തു.

**ഇന്ന് യൗവനക്കാരായ നമുക്കും സഭയുടെ ദർശനം നിറവേറ്റുന്നതിനായി അത്തരമൊരു ചുമതല ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. തിമൊഥെയൊസിനെപ്പോലെ സാക്ഷിയോടും, സത്യസന്ധതയോടും ആ ചുമതല നിറവേറ്റുവാൻ നമ്മെ സ്വയം സമർപ്പിക്കാമോ? കർത്താവ് നമുക്ക് കൃപ നൽകുമാറാകട്ടെ!**

(വീരയുഗം തുടരും)





"ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും ..." (മത്തായി 24:7)

# ഉണർവിനെയും കഷ്ടതയെയും വിഭജിക്കാനാവില്ല!

ഭാഗം - 2



മെയ്തി, കുക്കി വംശീയ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം നിമിത്തം മണിപ്പൂർ സംസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷത്തിലേറയായി അക്രമങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ മാസം ജനങ്ങൾക്കെതിരെ ജനങ്ങളും, രാജ്യത്തിനെതിരെ രാജ്യവും എഴുന്നേറ്റ്, പരസ്പരം ആക്രമിച്ച് ആയിരക്കണക്കിന് ആളുകളെ കൊന്നൊടുക്കുന്നത് നാം കണ്ടു. ഈ മാസം ക്രൈസ്തവർക്കെതിരെ ഉയർന്നുവരുന്ന മതഭ്രാന്തന്മാരെയും സഭകളെ പീഡിപ്പിക്കുന്നവരെയും പ്രത്യേകമായി കാണുവാൻ പോകുന്നു. മണിപ്പൂരിൽ മാസങ്ങളായി തുടരുന്ന അക്രമത്തിൽ നിരവധി വീടുകളും കൃഷിയിടങ്ങളും വാണിജ്യ സമുച്ചയങ്ങളും കത്തിനശിച്ചു. ഈ സാഹചര്യത്തിൽ 50,000 ത്തിലധികം ജനങ്ങൾ വീടുപേക്ഷിച്ച് മറ്റിടങ്ങളിലേക്ക് കുടിയേറി.

അക്രമത്തിൽ നാന്നൂറോളം പള്ളികൾ കത്തിനശിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. ധാരാളം ഇടവകക്കാർ പീഡിപ്പിക്കപ്പെടുകയും നൂറുകണക്കിന് സഭകൾ നിലംപരിശാക്കുകയും ചെയ്തു.

ആദിവാസികൾ അധിവസിക്കുന്ന മലയോര മേഖലകളിൽ വലിയൊരു വിഭാഗം ക്രൈസ്തവരും താമസിക്കുന്നുണ്ട്. നിരവധി ക്രിസ്ത്യൻ പള്ളികളും ഇവിടെയുണ്ട്. അക്രമത്തിനിടെ ക്രിസ്ത്യൻ പള്ളികൾക്ക് നേരെയാണ് മതതീവ്രവാദികൾ ആക്രമണം നടത്തിയത്. ചില പള്ളികൾ അഗ്നിക്കിരയാക്കി. കുക്കി ജനതയുടെ പള്ളികൾ മാത്രമല്ല, മെയ്തി ക്രിസ്ത്യാനികളുടെ നൂറുകണക്കിന് പള്ളികളും കൊള്ളയടിക്കുകയും തീയിടുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം സംഭവിക്കുവാനുള്ള കാരണമെന്താണ്? അത് ഉണർവിന്റെ ആരംഭമാണ്....

ഈ ദിവസങ്ങളിൽ മണിപ്പൂരിൽ സഭകൾ പീഡിപ്പിക്കപ്പെട്ടതുപോലെ, അപ്പൊസ്തലന്മാരുടെ കാലത്ത് ശൗൽ എന്ന മനുഷ്യൻ സഭകളെ



പീഡിപ്പിച്ചിരുന്നുവെന്ന് അപ്പൊ. പ്ര. 9-ാം അദ്ധ്യായത്തിൽ വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു. ക്രൈസ്തവരെ പീഡിപ്പിക്കുക, പള്ളികൾ നശിപ്പിക്കുക, സ്റ്റെഫാനൊസിനെ കൊല്ലുന്നതിൽ പങ്കാളിയാവുക എന്നിങ്ങനെ പല കാര്യങ്ങളിലും ശൗൽ ഉത്തരവാദിയായിരുന്നു (അപ്പൊ. പ്ര. 8:1). ഈ ശൗലിനെയാണ് കർത്താവ് സന്ദർശിച്ചത്. ഇത് ആരാണെന്ന് ശൗൽ അന്വേഷിച്ചപ്പോൾ, "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" എന്ന് യേശു തന്നെ സ്വയം അഭിമുഖപ്പെടുത്തി (അപ്പൊ. പ്ര.9:5).

കർത്താവായ യേശുക്രിസ്തു, തന്റെ വെളിച്ചത്താൽ ശൗലിനെ സന്ദർശിച്ച് അവനോട് സംസാരിച്ചു. അനന്യാസ് എന്ന ശിഷ്യനിലൂടെ കർത്താവ് ശൗലിന് കാഴ്ച നൽകുകയും പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും സ്നാനം നൽകുകയും ചെയ്തു. അതിനുശേഷം, ക്രിസ്തു ദൈവപുത്രനാണെന്ന് ശൗൽ പ്രസംഗിക്കുവാൻ തുടങ്ങി. അന്ന് ശൗൽ മാനസാന്തരപ്പെടുകയും ക്രിസ്തുവിന്റെ കൽപ്പനകൾ അനുസരിക്കുവാൻ സ്വയം സമർപ്പിക്കുകയും ചെയ്തു.

സഭകളെ ഉപദ്രവിച്ച ശൗൽ മാനസാന്തരത്തിലൂടെ പൗലൊസായി മാറി. അന്ത്യം വരെ പിന്മാറിപ്പോകാതെ യേശുവിനുവേണ്ടി യാത്ര ചെയ്ത സ്ഥലങ്ങളിൽ സഭകൾ ആരംഭിക്കുകയും ആത്മാക്കളെ നേടുകയും ചെയ്തു.



**അതുപോലെ, ഇന്നും മണിപ്പൂരിലെ സഭകളെ പീഡിപ്പിക്കുന്ന ശൗലിനെപ്പോലുള്ളവരെ കർത്താവ് തന്റെ വചനത്തിന്റെ വെളിച്ചത്തിലൂടെ സന്ദർശിക്കുകയും അവരെ പൗലൊസാക്കി മാറ്റുകയും ചെയ്യും! കൂടാതെ അനന്യാസിനെപ്പോലുള്ള ശിഷ്യന്മാരെയും മണിപ്പൂരിന്റെ ഉണർവിനായി ഉപയോഗിക്കും. പൗലൊസിനുണ്ടായ മാനസാന്തരം മണിപ്പൂരിലെ കലാപകാരികളിലും ഉണ്ടായി, ആ സംസ്ഥാനത്തിൽ ധാരാളം പൗലൊസുമാർ എഴുന്നേൽക്കുമ്പോൾ നിശ്ചയമായും നമുക്ക് ഉണർവ് കാണുവാൻ കഴിയും !**


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**



തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# കരുതുന്ന കർത്താവ്

**ഇന്ന് നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ സ്വന്തം കുടുംബത്തിലുള്ളവർ പരസ്പരം കാണുവാനോ, അന്വേഷിക്കുവാനോ സമയമില്ലാതെ ഓടിക്കൊണ്ടിരിക്കുകയാണ്. ധാരാളം രക്ഷിതാക്കൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ വൃദ്ധസദനങ്ങളിലും, കുഞ്ഞുങ്ങൾ അനാഥാലയങ്ങളിലും ആയിരിക്കുന്നത് കാണുന്നു. ലോക മനുഷ്യരാൽ ഉപേക്ഷിക്കപ്പെട്ടവരെ അന്വേഷിക്കുവാനോ, സ്നേഹിക്കുവാനോ ആരുമില്ല എന്നതാണ് സത്യം. നാം സ്നേഹിക്കുന്ന മനുഷ്യർ നമ്മെ അന്വേഷിക്കാതിരിക്കാം. എന്നാൽ, നമ്മെ അന്വേഷിക്കുന്ന ഒരു ദൈവമുണ്ട്. ആ ദൈവം നമ്മുടെ എല്ലാ കാര്യങ്ങളും അന്വേഷിക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നവനാണ്.**

ബേഥെസ്ദാ കുളത്തിനരികെ രോഗിയായ ഒരു മനുഷ്യൻ, തന്റെ ബന്ധുക്കളാലും, കുടുംബാംഗങ്ങളാലും, സ്നേഹിതരാലും ഉപേക്ഷിക്കപ്പെട്ട് നിസ്സഹായനായി കഴിഞ്ഞു. ഒരു വർഷമോ രണ്ട് വർഷമോ അല്ല, ഏകദേശം 38 വർഷമായി ശ്രദ്ധിക്കുവാനോ അന്വേഷിക്കുവാനോ ആരുമില്ലാതെ സ്നേഹത്തിനായി അവൻ കൊതിക്കുന്നു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ ആയിരുന്നവനെ കണ്ടപ്പോൾ, അവൻ വളരെക്കാലമായി രോഗിയായിരിക്കുന്നു എന്ന് മനസ്സിലാക്കിയ യേശു "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?" (യോഹ. 5:6) എന്ന് അവനോട് ചോദിച്ചു. അവൻ യേശുവിനെ അന്വേഷിച്ചില്ലെങ്കിലും, യേശു അവന്റെ അടുക്കൽ പോയി,



സ്നേഹപൂർവ്വം സംസാരിക്കുകയും അവന്റെ പാപങ്ങൾ ക്ഷമിച്ച് അവന്റെ രോഗാവസ്ഥ മാറ്റുകയും ചെയ്തു. അന്വേഷിക്കുവാൻ ആരുമില്ലാതെ ഉപേക്ഷിക്കപ്പെട്ടവനെ യേശു അന്വേഷിച്ച് പോയി അവന്റെ സാഹചര്യം മാറ്റിയതുപോലെ, എന്നെ അന്വേഷിക്കുവാനും സ്നേഹിക്കുവാനും ആരുമില്ല എന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്ന, നിങ്ങളെയും കർത്താവ് അന്വേഷിച്ച് വന്ന് സാഹചര്യങ്ങളെ മാറ്റും.

ഒരു ദിവസം അബ്രഹാം തന്റെ അടിമയായ ഹാഗാറിനെ വിളിച്ച് അവൾക്ക് കുറച്ച് അപ്പവും വെള്ളവും നൽകി അവളെയും അവളുടെ കുഞ്ഞിനെയും തന്റെ ഭവനത്തിൽ നിന്ന് പുറത്താക്കി. അബ്രഹാമിന്റെ അപ്രതീക്ഷിത തീരുമാനം ഹാഗാറിന്റെ മനസ്സിൽ പല ചോദ്യങ്ങളും ഉയർത്തിയിരിക്കാം. അവളെയും

അവളുടെ കുഞ്ഞിനെയും സ്നേഹിച്ചവൻ പെട്ടെന്ന് ഉപേക്ഷിച്ചപ്പോൾ, ഇനി എന്ത് ചെയ്യണമെന്ന് അറിയാതെ ബേർശേബ മരുഭൂമിയിൽ അവൾ അലഞ്ഞുനടന്നു. ഹാഗാറിനുവേണ്ടി അബ്രഹാമിനോട് അപേക്ഷിക്കുവാനോ അന്വേഷിക്കുവാനോ അവളെസ്നേഹിക്കുവാനോ ആരും മുന്നോട്ട് വന്നില്ല. വിശ്വസിച്ചവരാൽ ഉപേക്ഷിക്കപ്പെട്ട് പരിഭ്രാന്തയായി മരുഭൂമിയിൽ അലഞ്ഞു നടന്ന ഹാഗാറിനെ കർത്താവ് വിളിച്ച്, "ഹാഗാറേ, നിനക്ക് എന്ത്? നീ ഭയപ്പെടേണ്ടാ; ബാലൻ ഇരിക്കുന്നേടത്തുനിന്ന് അവന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു. നീ ചെന്നു ബാലനെ താങ്ങി എഴുന്നേല്പിച്ചുകൊൾക; ഞാൻ അവനെ ഒരു വലിയ ജാതിയാക്കും" (ഉൽപത്തി 21:17,18) എന്ന് അരുളിച്ചെയ്തു. സ്വന്തം വീട്ടുകാരാൽ ഉപേക്ഷിക്കപ്പെട്ട്, സഹായിക്കാൻ ആരുമില്ലാത്തതിനാൽ തന്റെ കുഞ്ഞിന്റെ ഭാവിയെക്കുറിച്ചോർത്ത് ആകുലപ്പെട്ടിരുന്ന ഹാഗാറിനെ കർത്താവ് സ്നേഹത്തോടെ അന്വേഷിക്കുകയും, അവളുടെ അവസ്ഥയെ മാറ്റുകയും ചെയ്തു.



നമുക്ക് ചുറ്റുമുള്ള ആളുകൾ നമ്മിൽ നിന്ന് അകന്നുപോകാം, നമ്മെ ഉപേക്ഷിക്കാം. എന്നാൽ, " ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" (യോഹ. 41:18) എന്ന് പറഞ്ഞ യേശു ഒരിക്കലും നമ്മെ കൈവിടുകയില്ല. 'എല്ലാവരും ഉണ്ടായിരുന്നിട്ടും എന്നെ സഹായിക്കുവാൻ ആരുമില്ലല്ലോ' എന്ന വേദനയോടെ ഇരിക്കുന്നുവോ? നിങ്ങളെ അന്വേഷിക്കുവാനും സഹായിക്കുവാനും യേശു ഉണ്ട്, ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ട. ഒരിക്കൽ ഒരു പിതാവ് ഭൂതബാധിതനായ ഒരു മകനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ യേശുവിന്റെ അടുക്കൽ വന്ന ഉടനെ ദുരാത്മാവ് അവനെ കീഴടക്കി താഴെയിട്ടു. അതുകണ്ട് യേശു, ഇത് അവന് സംഭവിച്ചിട്ട് എത്ര കാലമായി (മർക്കൊസ് 9:21) എന്ന് അവന്റെ അപ്പനോടു ചോദിക്കയും, ആ യൗവനക്കാരനിലുള്ള അശുദ്ധാത്മാവിനെ പുറത്താക്കുക മാത്രമല്ല, അവന്റെ ചെവി തുറക്കുകയും അവന്റെ നാവിന്റെ ബന്ധനം അഴിക്കുകയും അവൻ സംസാരിക്കുകയും ചെയ്തു. യേശു ലോകത്താലും മനുഷ്യരാലും ഉപേക്ഷിക്കപ്പെട്ട ആളുകളെക്കുറിച്ച് അന്വേഷിച്ച് അവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു.

കർത്താവ് നമ്മെ അറിയുന്നതിനാൽ, നമ്മുടെ എല്ലാ ആശങ്കകളും കർത്താവ് സ്വീകരിക്കും. നാം കർത്താവിൽ വിശ്വാസവും ആശ്രയവും അർപ്പിക്കുകയും, മുറുകെ പിടിക്കുകയും ചെയ്താൽ കർത്താവ് നമ്മെ ഒരിക്കലും കൈവിടുകയില്ല. നമുക്ക് സംഭവിക്കുന്ന കഷ്ടപ്പാടുകളൊന്നും നമ്മുടെ സ്നേഹിതരും കുടുംബാംഗങ്ങളും അറിയില്ല. ഒരുപക്ഷേ, യേശു നമ്മുടെ കഷ്ടങ്ങളെ തന്റെ കഷ്ടങ്ങളായി സ്വീകരിച്ച് കരുതലോടെ നമ്മെ സഹായിക്കും.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, കർത്താവ് നിങ്ങളെ പരിശോധിക്കുന്നതിനൊപ്പം നിങ്ങളെ സഹായിക്കുവാനും തയാറാണെന്ന കാര്യം മറക്കരുത്. തിരുവെഴുത്തുകൾ പറയുന്നതുപോലെ, "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:7) . ഭാവിയെക്കുറിച്ചുള്ള ഭയം, രോഗം, ബലഹീനത, പാപകരമായ അടിമത്തം എന്നിവയിൽ നിന്ന് കർത്താവ് നിങ്ങളെ വിടുവിക്കും, നിങ്ങളുടെ എല്ലാ ഭാരങ്ങളും വഹിച്ചുകൊണ്ട് നിങ്ങളെ നടത്തും.**

# NISUIN BERIYTH

## (വിവാഹ ഉടമ്പടി)

### ഭാഗം - 8

**യൗവനക്കാരെ നിങ്ങൾക്ക് സ്നേഹാശംസകൾ. വിവാഹ ഉടമ്പടി എന്ന ഈ പംക്തിയിലൂടെ കഴിഞ്ഞ 7 മാസമായി വിവാഹത്തിന് തയാറെടുക്കുന്ന യൗവനക്കാർക്കായി ധാരാളം ഉപദേശങ്ങൾ നൽകിവരുന്നു. ഈ മാസം വിവാഹത്തിനായി കാത്തിരിക്കുന്നവർ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളെ കുറിച്ച് ഈ ലേഖനത്തിലൂടെ കാണാം.**



## ദാമ്പത്യത്തിൽ സ്വാർത്ഥത

പല യൗവനക്കാരും അവരുടെ സന്തോഷം ഉയർത്തി കാണിക്കുകയും, സ്വന്തമായി ജീവിത പങ്കാളിയെ കണ്ടെത്തുകയും, അവർ ജനിച്ച വീട് ഉപേക്ഷിച്ച് പോവുകയും ചെയ്യുന്നു. ഇതുമൂലം കുടുംബ സന്തോഷം, ഐക്യം, പ്രശസ്തി തുടങ്ങി ഒരിക്കലും തിരിച്ചുകിട്ടാൻ കഴിയാത്ത പലതും നഷ്ടപ്പെടുന്നു.

ഞങ്ങളുടെ വീടിനടുത്ത് താമസിച്ചിരുന്ന ഒരു കുടുംബത്തിൽ മൂന്ന് പെൺകുട്ടികൾ ഉണ്ടായിരുന്നു. പിതാവ് ഒരു ഓഫീസിൽ പ്യൂണായി ജോലി ചെയ്യുകയായിരുന്നു. അമ്മ വസ്ത്രങ്ങൾ തുന്നി അതിൽ നിന്നുള്ള ചെറിയ വരുമാനം കൊണ്ടാണ് തന്റെ മൂന്ന് പെൺകുട്ടികളെയും വളർത്തി പഠിപ്പിച്ചത്. മൂത്ത പെൺകുട്ടി കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി നല്ലൊരു ജോലി നേടി കുടുംബഭാരം പങ്കിടുമെന്ന് വിചാരിച്ച് അവരുടെ ബുദ്ധിമുട്ടുകളൊന്നും പറയാതെ പഠിപ്പിച്ചു. എന്നാൽ ആ പെൺകുട്ടി തന്റെ കുടുംബത്തിന്റെ സാഹചര്യത്തെക്കുറിച്ചോ പിതാവിന്റെ ഭാരത്തെക്കുറിച്ചോ ചിന്തിക്കാതെ, 'തന്നെ ഓർത്ത് ആരും വിഷമിക്കേണ്ട' എന്ന് ഒരു കടലാസിൽ എഴുതിവച്ച് ഒരാളോടു കൂടെ ഇറങ്ങിപ്പോയി. ആ കുടുംബം മുഴുവനും സങ്കടത്തിലാണ്. മൂന്ന് മാസത്തോളം ആ വീട്ടിൽ നിന്ന് രാത്രി മുഴുവനും കരച്ചിലിന്റെ ശബ്ദം കേട്ടുകൊണ്ടിരുന്നു. ആ വീട് ഒരു നരകമായി മാറി.

ചില വർഷങ്ങൾക്ക് ശേഷം, അടുത്ത പെൺകുട്ടിയുടെ വിവാഹം നിശ്ചയിച്ചപ്പോൾ വരന്റെ വീട്ടുകാർ, "ഞങ്ങൾക്ക് നിങ്ങളുടെ മകളെ ഇഷ്ടപ്പെട്ടു! എന്നാൽ, നിങ്ങളുടെ മൂത്ത മകൾ ഓടിപ്പോയതായി ഞങ്ങൾ കേട്ടു, ഞങ്ങൾക്ക് ഈ



കുടുംബത്തിലെ പെൺകുട്ടിയെ വേണ്ട" എന്ന് പറഞ്ഞു. മാതാവും പിതാവും രണ്ട് പെൺമക്കളും അനുഭവിച്ച വേദനയ്ക്കും, കണ്ണുനീരിനും അളവേ ഇല്ല.

മക്കളേ, തന്റെ മര്യാദകേട് കാരണം, തന്നെ പ്രസവിച്ച മാതാവിനെയും പിതാവിനെയും ജീവിതാവസാനം വരെ വേദനയിലാക്കിയിട്ട്, തന്റെ സഹോദരങ്ങളുടെ ഭാവിയെ ചോദ്യചിഹ്നമാക്കിയിട്ട് ആ യൗവനക്കാരിയായ പെൺകുട്ടിയ്ക്ക് നന്നായി ജീവിക്കുവാൻ കഴിയുമോ? അത്തരമൊരു ജീവിതം ആവശ്യമാണോ? നിങ്ങൾ തന്നെ ഉത്തരം പറയുവിൻ.

"ഒരുത്തൻ നന്മയ്ക്കു പകരം തിന്മ ചെയ്യുന്നു എങ്കിൽ അവന്റെ ഭവനത്തെ തിന്മ വിട്ടുമാറുകയില്ല" ( സദൃശ. 17:13) എന്ന് വചനം പറയുന്നു. മാതാപിതാക്കൾ ചെയ്ത നന്മകൾ കണക്കിലെടുക്കാതെ അവരെ വേദനിപ്പിച്ചുകൊണ്ട് ചെയ്യുന്ന വിവാഹത്തിൽ സ്വാർത്ഥത ഉണ്ടായിരിക്കാം, എന്നാൽ നന്മ ഒരിക്കലും ഉണ്ടാവുകയില്ല.

## LIVING TOGETHER

**Living together** എന്നത് അവിവാഹിതരായ രണ്ടുപേർ ഒരുമിച്ച് താമസിക്കുന്ന ഒരു ക്രമീകരണമാണ്. കാലത്തിന് പോലും തകർക്കുവാൻ കഴിയാത്ത ദൃഢമായ ബന്ധമാണ് വിവാഹം. ഇതിൽ നിന്ന് വ്യത്യസ്തമായി പാശ്ചാത്യ രാജ്യങ്ങളിലെ സംസ്കാരത്തിൽ ഡേറ്റിങ് എന്ന രീതി നിലവിൽ വന്നതും പ്രചരിപ്പിച്ചതും ഏത് നിമിഷവും പിരിയുക എന്ന ഉദ്ദേശത്തോടെയാണ്.



ഓഫീസ് ആവശ്യങ്ങൾക്കും സൗകര്യത്തിനും പണം ലാഭിക്കുവാനുമായി സഹപ്രവർത്തകർ ഒരുമിച്ച് താമസിക്കുന്നു. ഈ ക്രമീകരണം വ്യഭിചാരം എന്ന പാപത്തിലേക്ക് നയിക്കുന്നു. ഇത് ദൈവം സ്ഥാപിച്ച വിവാഹ ഉടമ്പടിക്ക് തികച്ചും വിരുദ്ധമാണ്. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ കൽപ്പനകൾ ലംഘിച്ച് ജീവിക്കുവാൻ ശ്രമിക്കുമ്പോൾ അവരെ രക്ഷിക്കുവാൻ ആർക്കാണ് കഴിയുന്നത്?

**ജോലതേടി അന്യ സംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുന്ന യൗവനക്കാരായ കുട്ടികൾ ശ്രദ്ധാലുക്കളായിരിക്കുവിൻ!**

വിവാഹ പ്രായത്തിൽ ചെയ്യുവാൻ പാടില്ലാത്ത മറ്റു കാര്യങ്ങൾക്കൊപ്പം **NISUIN BERIYTH** തുടരും.





# ട്രെയിൻ യാത്ര

## ഭാഗം - 5




മഴയിൽ നനഞ്ഞ് കുതിർന്നാണ് ആൻഡ്രു ട്രെയിനിൽ കയറുന്നത്. ബാഗിലുള്ള ലാപ്ടോപ്പും മറ്റ് സാധനങ്ങളും മഴയിൽ നനഞ്ഞുവോ എന്ന് നോക്കിക്കൊണ്ട് അവൻ സീറ്റിൽ ഇരുന്നു....

**വിഘ്നേഷ്:** എന്താ ... മഴയിൽ നനഞ്ഞതുപോലെ ... എന്ന് അന്വേഷിച്ചുകൊണ്ട് ആൻഡ്രുവിന്റെ ബാഗ് ക്രമീകരിക്കുവാൻ സഹായിക്കുന്നു.

**ആൻഡ്രു:** എപ്പോൾ മഴ പെയ്യും? എപ്പോൾ വെയിൽ ഉണ്ടാകും എന്ന്പ്രവചിക്കുവാൻ കഴിയില്ലേ?


വിഷ്നേഷ്! മാസങ്ങളായി കാലാവസ്ഥ ഇങ്ങനെയാണ്. അതുകൊണ്ട് ഞാൻ എപ്പോഴും ബാഗിൽ ഒരു കുട അല്ലെങ്കിൽ റെയിൻ കോട്ട് വച്ചിരിക്കും.

**ആൻഡ്രു:** അത് കുഴപ്പമില്ല ... ഉത്തരേന്ത്യയിൽ ഒരു വശത്ത് ജലക്ഷാമമുണ്ട്. മറുവശത്ത് കൊടുങ്കാറ്റ്, മഴ, വെള്ളപ്പൊക്കം എന്നിവ വലിയ ആഘാതം സൃഷ്ടിക്കുന്നു. ഇതിനൊക്കെ കാരണം EL-Nino ആണ്.

**വിഘ്നേഷ്:** EL-Nino യോ? അതെന്താണ്?

**ആൻഡ്രു:** ഹേയ് ... ചൂട് ചായ വരുന്നു ... അതിനെക്കുറിച്ച് സംസാരിക്കുന്നതിന് മുമ്പ് ...രണ്ട് ചായ വാങ്ങൂ! ഈ കാലാവസ്ഥയ്ക്ക് അനുയോജ്യമാണ്.

**ആൻഡ്രു:** പസഫിക്ക് സമുദ്രത്തിൽ എപ്പോഴും ഒരു കാറ്റ് (Trade Winds) വീശിക്കൊണ്ടിരിക്കും. ഈ കാറ്റ് പസഫിക്ക് സമുദ്രത്തിന്റെ ഒരു വശത്ത് ചൂടും മറുവശത്ത് തണുപ്പും നിലനിർത്തുന്നു. ഈ കാറ്റാണ് അമേരിക്കയുടെയും ദക്ഷിണേന്ത്യയുടെയും കാലാവസ്ഥ നിർണ്ണയിക്കുന്നത്.




**വിഘ്നേഷ്:** ഹും ... ശരി അതിനെന്താ പ്രശ്നം?

**ആൻഡ്രു:** ഈ കാറ്റിന്റെ (Trade Winds) വേഗത കുറയുകയോ കാറ്റ് വീശുന്നത് നിൽക്കുകയോ ചെയ്യുമ്പോൾ, പസഫിക് സമുദ്രം മുഴുവൻ ചൂടാകുകയും വരൾച്ചയ്ക്കും ആഗോളതാപനത്തിനും മഴയ്ക്കും വെള്ളപ്പൊക്കത്തിനും കാരണമാകുന്നു. 2 മുതൽ 7 വർഷങ്ങളുടെ ഇടവേളയിലാണ് ഈ എൽ നിനോ സംഭവിക്കുന്നത്.

**വിഘ്നേഷ്:** അപ്പോൾ ഈ വർഷം എൽ നിനോ വർഷമാണോ?

**ആൻഡ്രു:** അതെ, എന്നാൽ മുൻ എൽ നിനോ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം തീവ്രതയും ആപത്തും കുറഞ്ഞതായിരിക്കുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. എന്നാൽ എൽ നിനോ വർഷങ്ങളിൽ ഇന്ത്യയ്ക്ക് മൺസൂൺ മഴ കുറയുന്നത് വരൾച്ചയ്ക്കും ജലക്ഷാമത്തിനും കാരണമാകും.

**വിഘ്നേഷ്:** ഈ വർഷം ഡൽഹിയിൽ ജലക്ഷാമം വർധിച്ചു, വെള്ളത്തിനായി ആളുകൾ തെരുവിൽ ക്യൂ നിൽക്കുന്നതും നമ്മൾ കണ്ടു....

**ആൻഡ്രു:** അതെ, 1997-98ൽ ഈ എൽ നിനോയുടെ ആഘാതം ലോകമെമ്പാടുമുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും അനുഭവപ്പെട്ടിരുന്നു. കൊടുങ്കാറ്റ്, ചൂട്, വെള്ളപ്പൊക്കം, വരൾച്ച, ജലക്ഷാമം, കാട്ടുതീ എന്നിങ്ങനെ വിവിധ ആഘാതങ്ങൾക്ക് അത് കാരണമായി. ഇതിനെപ്പറ്റി ഒരു വീഡിയോ കണ്ടു.. നിനക്കും വാട്സാപ്പിൽ അയച്ചുതരാം, നീയും കാണൂ...

**വിഘ്നേഷ്:** ഹും.... (നിശ്വാസം) , ഒരോ മിനിറ്റിലും നമുക്ക് ചുറ്റും അപകടങ്ങളുണ്ട്... ഒന്ന് കഴിയുമ്പോൾ മറ്റൊന്നു വരുന്നു... വളരെ ഭയമായിരിക്കുന്നു.

**ആൻഡ്രു:** ഈ ലോകത്തിൽ അപകടങ്ങൾ ഉണ്ടെന്നത് സത്യമാണ്... എന്നാൽ, എന്നെയും നിങ്ങളെയും അപകടത്തിൽ നിന്ന് രക്ഷിക്കുവാൻ യേശു ഉണ്ട്. അതുകൊണ്ട് എനിക്ക് പേടിയില്ല വിഘ്നേഷ്.

**വിഘ്നേഷ്** (ഉദാസീനതയോടെ): ശരി...ശരി... നീ നന്നായി പ്രാർത്ഥിക്കുമല്ലോ... എനിക്കുവേണ്ടിയും പ്രാർത്ഥിക്കൂ... നിന്റെ യേശു എന്നെ രക്ഷിക്കുമോ എന്ന് നോക്കാം.

**ആൻഡ്രു:** 'തീർച്ചയായും രക്ഷിക്കും! നീ അത് കാണും' എന്ന് പറഞ്ഞതിനുശേഷം,തനിക്ക് ഇറങ്ങേണ്ട സ്ഥലം എത്തിയപ്പോൾ, ഇറങ്ങിപ്പോയി.

# എനിക്ക് സാധിക്കും എല്ലാം സാധിക്കും





**യുവവിജയികൾക്ക് എന്റെ ആശംസകൾ! നമ്മുടെ ലക്ഷ്യത്തിലെത്തുവാൻ പണമോ, മനുഷ്യരോ ആവശ്യമില്ല. പക്ഷേ, എനിക്ക് എല്ലാം ചെയ്യാൻ കഴിയും എന്ന ഉറച്ച ആത്മവിശ്വാസവും ദൃഢനിശ്ചയവും ഉണ്ടെങ്കിൽ നമുക്ക് വേഗത്തിൽ ലക്ഷ്യത്തിലെത്താം. എനിക്ക് കഴിയുമെന്ന് വിശ്വസിക്കുകയും വിജയം നേടിയെടുക്കുകയും ചെയ്ത ഒരു യുവ വിജയിയുടെ ജീവിതയാത്ര നിങ്ങൾക്കായി....**

ഒരു ട്രാക്ടർ ഡ്രൈവറുടെ മകനായി ചെന്നൈയിലെ ഒരു സാധാരണ കുടുംബത്തിലാണ് ആനന്ദ് മേഗലിംഗം ജനിച്ചത്. സാധാരണ കുടുംബത്തിൽ ജനിച്ചുവെങ്കിലും ആനന്ദിന്റെ മനസ്സിൽ വലിയ സ്വപ്നങ്ങളുണ്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കോളേജിൽ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക് എഞ്ചിനീയറിംഗ് പഠിക്കുവാൻ തുടങ്ങിയ അയാൾ ഒന്നാം സെമസ്റ്ററിൽ എല്ലാ വിഷയങ്ങളിലും പരാജയപ്പെട്ടു. തൽഫലമായി, അയാളെ കോളേജിൽ നിന്ന് പുറത്താക്കി. രണ്ട് വർഷം പാഴായി. എങ്കിലും സ്പോർട്സിനോടുള്ള താൽപര്യവും കഴിവും നിമിത്തം സ്പോർട്സ് ക്വാട്ടയിൽ ഒരു സ്വകാര്യ കോളേജിൽ സീറ്റ് നേടുകയും എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പഠിക്കുവാൻ തുടങ്ങുകയും ചെയ്തു.

പഠിക്കുമ്പോൾ തന്നെ ആനന്ദ് ഗ്ലൈഡറുകളും പേപ്പർ പ്ലെയിനുകളും നിർമ്മിച്ച് നിരവധി മത്സരങ്ങളിൽ വിജയിച്ചു. അതിൽ നിന്ന് ലഭിച്ച സമ്മാനത്തുക ഉപയോഗിച്ച് വേറെയും പല പ്രൊജക്ടുകളും ചെയ്തു. ഇത്തരത്തിൽ 500ലധികം സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുണ്ട്. എപിജെ അബ്ദുൾ കലാം ഇന്റർനാഷണൽ ഫൗണ്ടേഷന്റെ യുവ ശാസ്ത്രജ്ഞൻ അവാർഡ് പുതുച്ചേരി മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങുകയും ചെയ്തു.

9.8 CGPAയോടെ ബി.ടെക് എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കിയ ശേഷം ആനന്ദ് Anti-drone ടെക്നോളജിയിൽ MS പഠനം തുടർന്നു. ഈ കാലയളവിൽ അയാൾ വലിയ വെല്ലുവിളികൾ നേരിട്ടു. നിർഭയനായി ആനന്ദ് തന്റെ പിതാവിനോടൊപ്പം 2021 -ാം വർഷം ഡിസംബറിൽ സ്പേസ് സോൺ ഇന്ത്യ (Space Zone India ) സ്ഥാപിച്ചു.

റോക്കറ്റ്സ് വികസനം, പഠനവും വികസനവും (Rocket development, and learning and development) എന്നിങ്ങനെ രണ്ട് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കമ്പനി പ്രവർത്തനം ആരംഭിച്ചു. സ്പേസ് ടെക്നോളജി പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുകയും ചെയ്യുക എന്നതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം. 2022 ൽ രാമേശ്വരത്ത് നിന്ന് 100 ഉപഗ്രഹങ്ങൾ വിക്ഷേപിച്ചതിന് Space Zone India യെ പ്രധാനമന്ത്രി പ്രശംസിച്ചു. 2023ൽ ഇന്ത്യയുടെ ആദ്യത്തെ Hybrid Rocket ചെന്നൈയിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു.

നിലവിൽ Space Zone India യ്ക്ക് എയറോനോട്ടിക്കൽ, റോക്കറ്റ് ടെക്നോളജിയിൽ പുതിയ ബിരുദധാരികളും (freshers) Ph.D നേടിയവരും ഉൾപ്പെടെ പരിചയ സമ്പന്നരായ 28 അംഗങ്ങളുള്ള ഒരു ടീമുണ്ട്. റോക്കറ്റ് നിർമ്മാണം, പരീക്ഷണം എന്നിവയ്ക്കായി പ്രത്യേക യൂണിറ്റുകളുള്ള അത്യാധുനിക സൗകര്യങ്ങളാണ് കമ്പനി നടത്തിവരുന്നത്.

**ഇത് വായിക്കുന്ന യുവജനങ്ങളെ, ആനന്ദിന്റെ യാത്ര വെല്ലുവിളികളില്ലാത്തതായിരുന്നില്ല. വിദ്യാഭ്യാസരംഗത്തെ ബുദ്ധിമുട്ടുകളിൽ നിന്ന് അദ്ദേഹം നിരവധി പ്രതികൂലങ്ങൾ തരണം ചെയ്തിട്ടുണ്ട്. ലക്ഷ്യം നേടുന്നതിന് സ്ഥിരോത്സാഹം വളരെ പ്രധാനമാണ്. എനിക്ക് കഴിയില്ല എന്ന് നിങ്ങൾ വിശ്വസിച്ചാൽ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. എനിക്ക് കഴിയും എന്ന് വിശ്വസിക്കുവിൻ, അപ്പോൾ ആകാശം മാത്രമല്ല, ഭൂമിയും നിങ്ങളുടേതാകും ....!**

# പ്രാർത്ഥനാ ഡയറി



## ആഗോളതാപം

ഈ വർഷം മാർച്ച് മുതൽ ജൂൺ 30 വരെ ഇന്ത്യയിൽ 61.9 കോടി ജനങ്ങളെ ആഗോളതാപം ബാധിച്ചു. ലോകജനസംഖ്യയുടെ 60 ശതമാനത്തിലധികം പേരും കൊടും ചൂടിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചവരാണ്. ജൂൺ വരെ 110 പേരാണ് ചൂട് നിമിത്തം മരണപ്പെട്ടത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ എപ്പോൾ ഉള്ളതിനെക്കാട്ടിലും കടുത്ത ചൂട് ഈ വർഷം അനുഭവപ്പെട്ടു. ഡൽഹിയിൽ ആഗോളതാപം ബാധിച്ചു. ചൂട് നിമിത്തം വെള്ളവും വൈദ്യുതിയും പ്രതിസന്ധിയിലാണ്.




### പ്രാർത്ഥനാ വിഷയങ്ങൾ

1. ഉയർന്നുകൊണ്ടിരിക്കുന്ന ആഗോളതാപം ശമിക്കുവാനും രാജ്യം സാധാരണ നിലയിലേക്ക് വരുവാനും പ്രാർത്ഥിക്കുവിൻ.
2. ആഗോളതാപം നിമിത്തം മരണം ഉണ്ടാകാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആഗോളതാപം നിമിത്തം ജോലി നഷ്ടപ്പെട്ടവർക്ക് പകരം ജോലി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.
4. വൈദ്യുതിയുടെയും വെള്ളത്തിന്റെയും ദൗർലഭ്യം പരിഹരിക്കുവാൻ സർക്കാരിന് ദൈവീകജ്ഞാനം ഉണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

## പോഷകാഹാരക്കുറവ്

ആഗോളതലത്തിൽ, പോഷകാഹാരക്കുറവ് നിമിത്തം 18 കോടി 10 ലക്ഷം കുട്ടികൾക്ക്, അവരുടെ ഉയരം, ശരീരം ഉൾപ്പെടെ മൊത്തത്തിലുള്ള വളർച്ച ബാധിച്ചിരിക്കുന്നു. ബാധിക്കപ്പെട്ട കുഞ്ഞുങ്ങളിൽ 65% പേരും ഇന്ത്യ, അഫ്ഗാനിസ്ഥാൻ ഉൾപ്പെടെ 20 രാജ്യങ്ങളിൽ നിന്നുള്ളവരാണ്. ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ മാത്രം 6 കോടി 40 ലക്ഷം കുട്ടികൾ പോഷകാഹാരമില്ലാതെ ജീവിക്കുന്നു. ഈ പട്ടികയിൽ സൊമാലിയ രാജ്യമാണ് ഒന്നാമത് നിൽക്കുന്നത്.



### പ്രാർത്ഥനാ വിഷയങ്ങൾ

1. കുഞ്ഞുങ്ങൾക്ക് പോഷകസമൃദ്ധമായ ആഹാരം ലഭിക്കുവാനും അവരുടെ ശാരീരിക വളർച്ചയ്ക്ക് യാതൊരു ദോഷവും ഉണ്ടാകാതിരിക്കുവാനും പ്രാർത്ഥിക്കുവിൻ.
2. രോഗബാധിതരായ കുഞ്ഞുങ്ങൾക്ക് ശരിയായ ചികിത്സ ലഭിക്കുവാനും, ശരിയായ വളർച്ചയുണ്ടാകുവാനും വേണ്ടി പ്രാർത്ഥിക്കുവിൻ.
3. പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ അഭാവത്തിൽ ബുദ്ധിമുട്ടുന്ന രാജ്യങ്ങൾക്ക് അയൽരാജ്യങ്ങൾ ഭക്ഷണസാധനങ്ങൾ നൽകി, അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.
4. സൊമാലിയയിലെ കുഞ്ഞുങ്ങൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

# സെപ്തംബർ 2024



## ദാരിദ്ര്യം

ഇന്ത്യയിലെ മുഴുവൻ ജനസംഖ്യയിൽ 22 കോടി ജനങ്ങളും ദാരിദ്ര്യത്തിൽ ജീവിക്കുന്നു. ഇത് നമ്മുടെ രാജ്യത്തിന്റെ മുഴുവൻ ജനസംഖ്യയുടെ 17% ആണ്. ലോകത്തിൽ ജീവിക്കുന്ന ദരിദ്രരിൽ മൂന്നിലൊന്ന് പേരും ഇന്ത്യയിലുള്ളവരാണ്. നിരക്ഷരതയും ജനങ്ങൾ ദാരിദ്ര്യത്തിലാകുവാനുള്ള ഒരു കാരണമാണ്. അതേസമയം, ഉയർന്ന വിദ്യാഭ്യാസമുള്ളവർക്ക് പോലും നല്ല ജോലി ലഭിക്കാതെ, ചെറിയ വരുമാനത്തിൽ ജീവിതം നയിച്ചുവരുന്നു. ഇന്ത്യയിൽ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണ്. കഴിഞ്ഞ 9 വർഷത്തിനുള്ളിൽ 24.8 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റിയതായി റിപ്പോർട്ട് പറയുന്നു.



### പ്രാർത്ഥനാ വിഷയങ്ങൾ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ ജീവിതോപാധികളുടെ ഉന്നമനത്തിനായി പ്രാർത്ഥിക്കുവിൻ.

2. വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് അവരുടെ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ജോലിയും വേതനവും ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

3. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് സർക്കാർ ഉപയോഗപ്രദമായ പദ്ധതികളും നിയമങ്ങളും കൊണ്ടുവരാൻ പ്രാർത്ഥിക്കുവിൻ.

4.ഇന്ത്യയിൽ ജീവിക്കുന്ന ദരിദ്രർക്ക് നല്ല വിദ്യാഭ്യാസവും തൊഴിലവസരവും സൃഷ്ടിക്കപ്പെടുവാനും, തൊഴിലധിഷ്ഠിത കേന്ദ്രങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ ലഭ്യമാകുവാനും പ്രാർത്ഥിക്കുവിൻ.

## ബാലവേല

ഏകദേശം 43.5 ലക്ഷം പേർ ഇന്ത്യയിൽ ബാലവേല ചെയ്യുന്നു. യൂണിസെഫിന്റെ കണക്കനുസരിച്ച് 5നും 14 നും ഇടയിൽ പ്രായമുള്ള 158 ദശലക്ഷം കുഞ്ഞുങ്ങൾ ലോകമെമ്പാടും വീട്ടുജോലികളല്ലാതെ, മറ്റ് ജോലികളിൽ ഏർപ്പെട്ടുവരുന്നു. അവർ ഒരു ദിവസം 20 മണിക്കൂർ ജോലി ചെയ്യുന്നു. കുടുംബ സാഹചര്യങ്ങൾ നിമിത്തം വ്യഭിചാരം, കൃഷി, കുറഞ്ഞ കൂലിക്ക് ഭക്ഷ്യ ഉൽപന്നങ്ങൾ വിൽക്കുന്ന ചെറുകിട ബിസിനസ്സുകൾ എന്നീ ജോലികൾ ചെയ്യുന്നു.



### പ്രാർത്ഥനാ വിഷയങ്ങൾ

1. നമ്മുടെ രാജ്യത്തിൽ ബാലവേല പൂർണമായും നിർത്തലാക്കേണ്ടതിനായി പ്രാർത്ഥിക്കുവിൻ.

2. ബാലവേല പൂർണ്ണമായും ഇല്ലാതാക്കുവാനും കുഞ്ഞുങ്ങളെ രക്ഷിക്കുവാനും സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

3. കുടുംബസാഹചര്യങ്ങൾ നിമിത്തം ജോലിക്ക് പോകുന്ന പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും കുടുംബങ്ങൾക്ക് സർക്കാർ സഹായം നൽകി, കുഞ്ഞുങ്ങളെ സംരക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.

4. ഫാക്ടറികളിൽ കഠിനമായി അധികസമയം ജോലി ചെയ്യുന്ന കുഞ്ഞുങ്ങൾ വിടുവിക്കപ്പെടാനും, അവർക്ക് ശരിയായ വിദ്യാഭ്യാസം ലഭ്യമാകുവാനും പ്രാർത്ഥിക്കുവിൻ.



# ഭാവങ്ങൾ

നാം ജീവിക്കുന്ന അതിവേഗ, വിവര സാങ്കേതികവിദ്യയുടെ ലോകത്തിൽ, പ്രത്യേകിച്ച് യൗവനക്കാർക്ക് ആശയക്കുഴപ്പം സ്വാഭാവികമാണ്. ഒരു ജോലി തിരഞ്ഞെടുക്കുന്നതിൽ, ബന്ധങ്ങളിലേക്ക് നയിക്കുന്നത് അല്ലെങ്കിൽ മറ്റൊരാളെ മനസ്സിലാക്കുന്നതിൽ ആശയക്കുഴപ്പമുണ്ടാകാം. ആശയക്കുഴപ്പത്തിന്റെ കാരണങ്ങളും ഫലങ്ങളും പരിശോധിച്ച്, അത് കൈകാര്യം ചെയ്യുവാൻ പ്രായോഗികവും തിരുവചനപ്രകാരവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## ആശയക്കുഴപ്പത്തിനുള്ള കാരണങ്ങൾ:

അമിതമായ വിവരങ്ങൾ: ഇന്റർനെറ്റിലെയും സമൂഹ മാധ്യമങ്ങളിലെയും വിവരങ്ങൾ സംബന്ധിച്ച് എന്താണ് ശരി? എന്താണ് തെറ്റ്? എന്ന് തിരിച്ചറിയാതെ ആശയക്കുഴപ്പം ഉണ്ടാകുന്നു.

മാർഗനിർദേശത്തിന്റെ അഭാവം: ശരിയായ മാർഗനിർദേശത്തിന്റെ അഭാവം നിമിത്തം പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിൽ ആശയക്കുഴപ്പം.

ജീവിതത്തിലെ പരിവർത്തനങ്ങൾ: കോളേജുകളും ജോലി സ്ഥലങ്ങളും മാറുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകുന്നു.

ആത്മീയ സംശയം: വിശ്വാസത്തെക്കുറിച്ചും കർത്താവിന്റെ പദ്ധതിയെക്കുറിച്ചും മനസ്സിൽ സംശയങ്ങൾ ഉളവാകുമ്പോൾ ആത്മീകമായ ആശയക്കുഴപ്പം ഉണ്ടാകുന്നു.

## ആശയക്കുഴപ്പത്തിന്റെ അനന്തരഫലങ്ങൾ:

അനിശ്ചിതത്വം: ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാതെ,പല അവസരങ്ങളും നഷ്ടപ്പെട്ടുപോകും.

ഉത്കണ്ഠയും സമ്മർദ്ദവും: നിരന്തരമായ അനിശ്ചിതത്വം ഉത്കണ്ഠയ്ക്കും സമ്മർദ്ദത്തിനും കാരണമാകും.

അശ്രദ്ധ: പഠനം, ജോലി തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയില്ല.

ബന്ധങ്ങൾക്ക് ക്ഷതം: തെറ്റിദ്ധാരണകൾ ബന്ധങ്ങളെ ബാധിക്കുന്നു.

ആത്മീയ സ്തംഭനാവസ്ഥ: സംശയവും ആശയക്കുഴപ്പവും ആത്മീയ വളർച്ചയ്ക്കും കർത്താവുമായുള്ള ബന്ധത്തിലും തടസ്സമുണ്ടാക്കും.

## ആശയക്കുഴപ്പം എങ്ങനെ കൈകാര്യം ചെയ്യാം?

കൗൺസിലിംഗ് തേടുക: വിശ്വസ്തരായ ഉപദേഷ്ടാക്കളുമായോ പട്ടക്കാരോടോ ഉപദേശകരോടോ സംസാരിക്കുവിൻ.

പ്രാർത്ഥന: തെളിഞ്ഞ ബുദ്ധിയും മാർഗനിർദേശവും ലഭിക്കുന്നതിനുമായി കർത്താവിനോട് ചോദിക്കുവിൻ.

വിവരങ്ങൾ ആരായുന്നത് പരിമിതപ്പെടുത്തുവിൻ: സമൂഹ മാധ്യമങ്ങളിൽ നിന്ന് ഒരു ഇടവേള എടുക്കുവിൻ.

മുൻഗണന നിശ്ചയിക്കുവിൻ: നിങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവിൻ.

തിരുവചനത്തിൽ ഉറച്ചുനിൽക്കുവിൻ: കർത്താവ് തന്റെ വചനങ്ങളിലൂടെ നിങ്ങളോട് ഇടപെടുകയും വ്യക്തത ലഭിക്കുകയും ചെയ്യുന്നു.

## ആശയക്കുഴപ്പം അതിജീവിക്കുവാനായി ചില വചനങ്ങൾ:

സ്വന്തം നിലയിൽ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുമ്പോൾ ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് നാം കർത്താവിന്റെ നിർദ്ദേശങ്ങൾക്ക് നമ്മെ സമർപ്പിക്കുമ്പോൾ കർത്താവ് നമ്മുടെ പാതകളെ നേരെയാക്കും. (സദൃ 3 :5-6)

സ്തോത്രത്തോടുകൂടെയുള്ള പ്രാർത്ഥനയും അപേക്ഷയും ആശയക്കുഴപ്പത്തിൽ നിന്ന് സമാധാനം നൽകും (ഫിലി 4:6-7).

എന്ത് ചെയ്യണം, എന്ത് തീരുമാനിക്കണം എന്നറിയാതെ കുഴങ്ങി കർത്താവിന്റെ പാദത്തിൽ ഇരിക്കുമ്പോൾ കർത്താവിന്റെ ഇമ്പമുള്ള ശബ്ദം നമ്മുടെ ചെവിയിൽ കേൾക്കും (യെശ. 30:21)

**പ്രിയപ്പെട്ട യൗവനക്കാരെ! ജീവിതയാത്രയിൽ ആശയക്കുഴപ്പം സ്വാഭാവികമാണ്. നമ്മുടെ ചോദ്യങ്ങളും സംശയങ്ങളും കർത്താവിനോട് ചോദിക്കുമ്പോൾ, കർത്താവ് നമ്മെ ഉപദേശിച്ച്, എല്ലാ ആശയക്കുഴപ്പങ്ങൾക്കും മറുപടി നൽകി നമ്മെ വഴിനടത്തും!**